# കല്യാണത്തിലൂടെ ശാപമോക്ഷം

## (Revised and Extended)

Revised and Extended By [kkwriter-2024 (കെകെറൈറ്റർ-2024)]

### കല്യാണത്തിലൂടെ ശാപമോക്ഷം

Original Author : Deepak

*ദീപക്കിന്റെ, കല്യാണത്തിലൂടെ ശാപമോക്ഷം എന്ന കഥ, സർപ്പദോഷത്തിന്റെയും, ശാപമോക്ഷത്തിന്റെയും, വിധിയുടെയും, നിയോഗങ്ങളുടെയും, മന്ത്രങ്ങളുടെയും, പൂജകളുടെയും, തറവാടുകളുടെയും പല പല തലങ്ങളിലൂടെ വായനക്കാരനെ കൊണ്ടുപോയ ഒരൊന്നാന്തരം ഫാന്റസി ആയിരുന്നു. എഴുത്തുകാരന് മാത്രം അറിയാവുന്ന കാരണങ്ങളാൽ, അത് പൊടുന്നനെ അപൂർണ്ണമായി നിർത്തിയതാണെന്ന് വായിച്ചപ്പോൾ തോന്നി. ഞാൻ എന്റെ ഭാവനയിൽ ആ കഥയുടെ മാന്ത്രികലോകത്തുകൂടെ ഒന്നു യാത്ര ചെയ്തു. അതങ്ങ് ഭാവിയിൽ എത്തി നിന്നു. എന്റെ യാത്രക്കായി മൂലകഥയിൽ ചെറിയ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അവ വായിക്കുമ്പോൾ മനസ്സിലാകും. ഈ ഫാന്റസി നമുക്ക് സമ്മാനിച്ച ദീപക്കെന്ന കഥാകാരന് ഈ എളിയശ്രമം സമർപ്പിക്കുന്നു. ഇഷ്ടപ്പെട്ടവർ ലൈക്ക് കൂടാതെ കമന്റും ചെയ്യുമല്ലോ.*

***കെകെറൈറ്റർ-2024***

***സ്വപ്നം***

എല്ലാ ദിവസത്തെയും പോലെ ഇന്നും അരുൺ അതേ സ്വപ്നം തന്നെ ആണ് കണ്ടത്. പക്ഷേ അത് കണ്ട് മുഴുമിപ്പിക്കും മുന്നേ അവൻ ഞെട്ടി ഉണർന്നു.

അരുൺ പതിയെ അവന്റെ മുഖം പുതപ്പിൽ തുടച്ചു. എന്നിട്ട് കട്ടിലിൽ നിന്ന് ഇറങ്ങി നേരെ ബാത്റൂമിൽ പോയി. അവിടെ വെച്ച് മുഖം നന്നായി വെള്ളം ഉപയോഗിച്ച് കഴുകി. എന്നിട്ട് പല്ലു തേച്ച് അവൻ ഹാളിലേക്ക് ചെന്നു.

അവിടെ അവനെയും കാത്ത് മാലിനി ഉണ്ടായിരുന്നു അരുണിനെ കണ്ടതും അവൾ കുറച്ചു ദേഷ്യത്തിൽ ചോദിച്ചു,

മാലിനി- എവിടെ ആയിരുന്നു നീ? എത്ര തവണ ആയി വിളിക്കുന്നു എന്ന് അറിയോ?

അരുൺ മിണ്ടാതെ വന്ന് കസേരയിൽ ഇരുന്നു. അവന്റെ മുഖഭാവം കണ്ടപ്പോൾ എന്തോ കുഴപ്പം ഉണ്ടെന്ന് മാലിനിക്ക് തോന്നി അവൾ സൗമ്യമായ് അവനോട് ചോദിച്ചു,

മാലിനി- എന്ത് പറ്റിയെടാ?

അരുൺ- പിന്നെയും ആ സ്വപ്നം.

മാലിനി –എന്ത്?

അരുൺ- ഞാൻ പറയാറില്ലേ?

മാലിനി- മ്മ്. ഇന്ന് എന്തെങ്കിലും പുതിയതായി കണ്ടോ?

അരുൺ- മ്മ്

അരുൺ അവന്റെ സ്വപ്നം വർണ്ണിക്കാൻ തുടങ്ങി- *"നിലാവുള്ള രാത്രിയാണ് ഞാനും ഒരു സ്ത്രീയും. എവിടെയാണ് എന്ന് എനിക്ക് അറിയില്ല. പക്ഷേ ചുറ്റും കാട് പിടിച്ച സ്ഥലമാ. അപ്പുറവും ഇപ്പുറവും ഓരോ പന്തങ്ങൾ കത്തിച്ചുവച്ചിട്ടുണ്ട്. പിന്നെ അവിടെ കട്ടിലിൽ ഒരു ബെഡ് ഉണ്ട്. അതിന്റെ ഒരു സൈഡിൽ അവളും മറ്റൊരു സൈഡിൽ ഞാനും. അവളുടെ ദേഹം കണ്ടാൽ അറിയാം വളരെ സുന്ദരിയാണ്. അവളുടെ കഴുത്തിൽ താലിയുണ്ട്. കൈയ്യിൽ പാലും. ഞാൻ പതിയെ എന്റെ കൈ അവളുടെ തോളിൽ വെച്ചു. അപ്പോൾ അവൾ തല തിരിച്ചു. പക്ഷെ അവൾക്ക് മുഖം ഉണ്ടായിരുന്നില്ല."*

മാലിനി- നീ ഇന്നലെ ഏത് പ്രേതപ്പടമാ കണ്ടത്?

അരുൺ- അമ്മേ തമാശ പറയല്ലേ. ഇത് സീരിയസ് ആയ കാര്യമാണ്.

മാലിനി- എടാ നിനക്ക് അത് തോന്നുന്നത് ആവും. പിന്നെ നീ കണ്ടത് മീരയെ ആവും.

അരുൺ- അത് മീര അല്ല ഉറപ്പാ.

മാലിനി- മീര അല്ലാതെ നിനക്ക് വേറെ ഏതെങ്കിലും പെണ്ണിനെ ഇഷ്ടം ആണോ?

അരുൺ- അമ്മേ, വെറുതെ എന്നെ ദേഷ്യം കേറ്റല്ലേ.

മാലിനി- പിന്നെ ഒരു മാസം കൂടി കഴിഞ്ഞാൽ നിന്റെ കല്യാണം ആണ്. ഈ സമയത്ത് ഏത് ആണും അവൻ കെട്ടാൻ പോകുന്ന പെണ്ണിനെ പറ്റി ആയിരിക്കും സ്വപ്നം കാണുന്നത്. എന്നാൽ നീയോ ഇത് വരെ കാണാത്ത ഒരു പെണ്ണിനെ പറ്റി പറയുന്നു.

അരുൺ- ആ പെണ്ണിനെ എനിക്ക് അറിയാം. നല്ല പരിചയം ഉണ്ട്. പക്ഷേ മുഖം വ്യക്തമാവാത്തത് കൊണ്ട് എനിക്ക് മനസ്സിലാവുന്നില്ല.

മാലിനി അടുത്ത് വന്നു. മകന്റെ തലയിൽ തലോടി. എന്നിട്ട് പറഞ്ഞു,

മാലിനി- നിന്റെ മനസ്സ് പഴയ കാര്യങ്ങൾ ഓർത്ത് ഒരുപാട് ഡിസ്റ്റർബ്ഡ് ആണ്. അതാ വേണ്ടാത്ത സ്വപ്നം ഒക്കെ കാണുന്നത്.

അരുൺ- അല്ല. ആ സ്വപ്നം എന്നോട് എന്തോ പറയാൻ ശ്രമിക്കുന്നതാ.

മാലിനി- ഇപ്പോൾ നീ അത് ഓർത്ത് ടെൻഷൻ അടിക്കണ്ടാ. കല്യാണം ഒക്കെ കഴിഞ്ഞാൽ ഞാൻ ഫ്രീ ആകും. അപ്പോൾ വേണ്ടത് ചെയ്യാം.

അരുൺ- മ്മ്. അത് വരെ ഞാൻ ഒരു സൈക്യാട്രിസ്റ്റിനെ കണ്ടാലോ എന്ന് കരുതാ.

മാലിനി- അതൊന്നും വേണ്ടാ. എല്ലാം കല്യാണം കഴിഞ്ഞിട്ട് മതി. പിന്നെ ഇതൊന്നും മീരയോട് പറയാൻ നിൽക്കണ്ടാ. അവൾ വെറുതെ പേടിക്കും.

അരുൺ- മ്മ്

മാലിനി- നീ വേഗം റെഡി ആയെ. നമുക്ക് ഓഫീസിൽ പോവാൻ ഉള്ളതാ.

*ഈ മൂന്നുപേരെ പരിചയപ്പെടുത്തിയില്ലല്ലോ.*

*അരുൺ, 23 വയസ്സ്, ഒത്ത പൊക്കവും അതിനൊത്ത വണ്ണവും, ഉറച്ച ശരീരവും ഉള്ള ഒരു സാധാരണ യുവാവ്.*

*അവന്റെ അമ്മ മാലിനി, 42 വയസ്സുള്ള, കണ്ടാൽ മുപ്പത്തഞ്ച് പോലും പറയാത്ത, മെലിഞ്ഞ, ഉറച്ച ശരീരമുള്ള, കാണാൻ വളരെ ഭംഗിയുള്ള, അഞ്ചരയടി പൊക്കം ഉള്ള ഉദ്യോഗസ്ഥയായ, ചെറുപ്പത്തിലേ വിധവയായ വീട്ടമ്മ. അരുൺ ആണ് അവർക്കെല്ലാം.*

*രണ്ടുപേരും ബാംഗ്ലൂരിൽ താമസിക്കുന്നു. ഫ്ലാറ്റുകളും ഒട്ടേറെ വില്ലകളും ഉള്ള ഒരു വലിയ കമ്മ്യൂണിറ്റിയാണത്. ആർക്കും ആരെയും വലിയ പരിചയമില്ല എന്നുമാത്രം. ഓരോരുത്തർക്കും അവരുടെ ലോകം. അവരുടേത് ഒരു വില്ലയാണ്.*

*രണ്ടുപേരും ഒരേ ഒഫീസിൽ, രണ്ട് ഡിപ്പാർട്മെന്റിൽ ആണ് ജോലി ചെയ്യുന്നത്.*

*അരുൺ ഐറ്റി പ്രൊഫഷണൽ ആണ്.*

*മാലിനി ഫിനാൻഷ്യൽ അനലിസ്റ്റ്.*

*രണ്ടുപേരും വളരെ ഉയർന്ന ശമ്പളം ഉള്ളവർ.*

*അമ്മ മാലിനി, അരുണിന് വിവാഹാലോചനകൾ തുടങ്ങിയിരുന്നു. കാരണം അവർക്ക് വീട്ടിൽ എത്തിയാൽ മിണ്ടിയും പറഞ്ഞും ഇരിക്കാൻ ഒരു പെൺകുട്ടി വേണം.*

*ഇരുപത്തിമൂന്നാം വയസ്സിൽ വിവാഹം കഴിക്കുന്നതിന് അരുൺ എതിരായിരുന്നു. പിന്നെ അമ്മയും ഓപ്പോളും പറഞ്ഞാൽ അവൻ ഒന്നും എതിർക്കാറില്ല. അവർ രണ്ടുപേരും മാത്രമാണ് അവന്റെ എല്ലാം.*

*ഓപ്പോൾ, അരുണിന്റെ അച്ഛന്റെ സഹോദരന്റെ വിധവയാണ്. മാലിനിയെപ്പോലെ തന്നെ, 42 വയസ്സ്, കണ്ടാൽ മുപ്പത്തഞ്ച് പോലും പറയില്ല, മെലിഞ്ഞ ഉറച്ച ശരീരം, കാണാൻ നല്ല ഭംഗി, അഞ്ചരയടി പൊക്കം. അവന്റെ രണ്ടാം അമ്മ.*

*അതെല്ലാം വഴിയെ പറയാം.*

*മീര (22) അതേ കമ്പനിയിൽ വേറൊരു ഡിപ്പാർട്ട്മെന്റിൽ ആണ്. അടുത്തയിടെയാണ് ഇവിടെ ചേർന്നത്.*

*മീരയെ കണ്ടപ്പോൾ പരിചയപ്പെട്ട് അവളുടെ വീട്ടുകാരുടെ നമ്പർ വാങ്ങി താല്പര്യം അറിയിച്ചു. കല്യാണം ആലോചിച്ചു. മീരയുടെ വീട്ടുകാർ ജാതകം നോക്കി കുഴപ്പം ഇല്ലെന്ന് പറഞ്ഞു. അതില്പിന്നെ മൂന്നുപേരും വളരെ അടുപ്പത്തിൽ ആണ്.*

മനസ്സിൽ ഒരുപാട് ചോദ്യങ്ങൾ ബാക്കി നിർത്തി അരുൺ കുളിക്കാൻ പോയി.. കുളി കഴിഞ്ഞ് റെഡിയായി അരുൺ ഹാളിലേക്ക് വന്നു. അവിടെ അവനെ കാത്ത് മാലിനി ഇരുപ്പുണ്ടായിരുന്നു.

അരുൺ ഇപ്പോഴും മൂഡ് ഔട്ട് ആയത് കൊണ്ട് അവനെ ഒന്ന് ചാർജ് ആക്കാൻ മാലിനി തീരുമാനിച്ചു.

മാലിനി- എങ്ങനെ ഉണ്ട് അരുൺ, എന്റെ പുതിയ ഡ്രസ്സ്? നല്ല മാച്ചിങ് അല്ലേ?

ഒരു വെള്ള ഫുൾ കൈ ഷർട്ടും, ഒരു കറുത്ത ജീൻസും ആണ് മാലിനിയുടെ വേഷം. മുകളിലത്തെ രണ്ട് ബട്ടണുകൾ തുറന്ന് കിടന്നിരുന്നു. അതിലൂടെ അവളുടെ വെളുത്ത മാറിടവും, മുലച്ചാലും കാണാമായിരുന്നു. മറ്റാർക്കാണെങ്കിലും നയനാനന്ദകരമായ കാഴ്ച. പക്ഷെ മാലിനിയുടെ മകൻ അരുണിന് അത്ര ഇഷ്ടപ്പെട്ടില്ല.

അരുൺ- മാച്ചിങ് ഒക്കെത്തന്നെയാ. പക്ഷേ അമ്മ ആ ബട്ടൺ ഇട്. വല്ലാത്ത വൃത്തികേട്.

മാലിനി- അത് ശരി. നിന്റെ വുഡ്ബീ ഇങ്ങനെ ഒക്കെ ആണല്ലോ ഓഫീസിൽ വരുന്നേ?

അരുൺ- അവള് ചെറുപ്പം ആണ്. അത് പോലെ ആണോ അമ്മ.

മാലിനി- നീ എന്നെ ഒരു കിളവി ആക്കുവോ? അത്യാവശ്യം മോഡേൺ ആയി നടക്കാൻ ഉള്ള പ്രായമേ എനിക്ക് ഉള്ളൂ. ഞാനും നീയും നടന്നുപോകുമ്പോൾ ചേച്ചിയും അനിയനും എന്നാണിവിടെ പലരും കരുതുന്നത്. അറിയാമോ?

അരുൺ- മ്മ്.

അരുണിനും അതറിയാം. അതിൽ അവന് അഭിമാനവും ഉണ്ട്. അമ്മ ഇപ്പോഴും തന്റെ ചെറുപ്പം കാത്തുസൂക്ഷിക്കുന്നുണ്ട്. ജിമ്മും മിതമായ ഭക്ഷണവും ആണ് അമ്മയുടെ സൗന്ദര്യ രഹസ്യം. അനാവശ്യ മേക്കപ്പ് ഒന്നും ഇല്ലാതെ തന്നെ അമ്മയുടെ മുഖം തിളങ്ങുന്നത് അവനറിയാം. അമ്മ അവനുവേണ്ടിയാണ് ജീവിക്കുന്നത് എന്നും അവന് ബോധ്യമുണ്ട്. അമ്മയും ഓപ്പോളും അല്ലാതെ ഈ ലോകത്ത് തന്നെ മനസ്സിലാക്കുന്ന ആരും ഇല്ലെന്നും അവനറിയാം. എന്നാലും ആവർത്തിക്കുന്ന ഈ സ്വപ്നം കാരണം ഈയിടെയായി അമ്മയോട് താൻ കലഹിക്കുന്നു. *പാവം അമ്മ.*

*'അവനെ ഓൺ ആക്കാൻ നോക്കി, എന്റെ മൂഡ് അവൻ കളഞ്ഞേനെ'* മാലിനി മനസ്സിൽ പറഞ്ഞു.

അരുൺ അമ്മയുടെ മുഖത്തു നോക്കി. സദാ പ്രസന്നമായ ആ മുഖം, തന്റെ പെരുമാറ്റം കൊണ്ട് അൽപം വാടിയിരിക്കുന്നു.

അവൻ അടുത്തുചെന്ന് അമ്മയെ കെട്ടിപ്പിടിച്ച് ആ കവിളിൽ ഒരുമ്മ കൊടുത്തു.

മാലിനിയുടെ മുഖം തെളിഞ്ഞു.

അവൾ മകനെ കെട്ടിപ്പിടിച്ച്, അവന്റെ തല പിടിച്ച് താഴ്ത്തി ആ നെറ്റിയിൽ ഒരുമ്മ കൊടുത്തു.

മാലിനി- ഒക്കെ ശരിയാകും.

അരുൺ- മ്മ്.

മാലിനി- പോകാം?

അരുൺ തലയാട്ടി

അരുൺ- മ്മ്.

കാറിൽക്കയറി മാലിനിയും അരുണും ഓഫീസിൽ എത്തി.

അവരെ കാത്ത് മുന്നിൽത്തന്നെ മീര ഉണ്ടായിരുന്നു.

അരുണും മാലിനിയും പതിയെ അവളുടെ അടുത്തേക്ക് ചെന്നു.

മീര- നിങ്ങൾ എന്താ ലേറ്റ് ആയെ?

മിലിനി- അതിന്, ഇവൻ എണീറ്റാലല്ലേ എനിക്ക് വരാൻ പറ്റൂ?

മീര- എന്താ അരുൺ ഇത്? ഞാൻ എത്ര നേരമായി വെയിറ്റ് ചെയ്യുന്ന് അറിയോ?

അരുൺ- സോറി മീര. എന്നോട് ക്ഷമിക്ക്.

മാലിനി ചിരിച്ചുകൊണ്ട്- എടാ ദുഷ്ടാ. ഇന്ന് നീ വൈകിയതിന്, എന്നോട് ഒരു സോറി പറഞ്ഞോ?

അരുൺ- സോറി ഞാൻ കവിളത്ത് തന്നില്ലേ? ഇനി പറയേം വേണോ?

മാലിനി- മ്മ് വേണ്ടാ. ഇന്നത്തേത് വരവു വെച്ചിരിക്കുന്നു. ഞാൻ ഇനി സ്വർഗത്തിലെ കട്ടുറുമ്പ് ആവുന്നില്ല. നിങ്ങൾ എന്താന്ന് വെച്ചാൽ സംസാരിക്ക്.

അതും പറഞ്ഞ് മാലിനി അവിടന്ന് പോയി. മീര അരുണിന്റെ കൈയിൽ അവളുടെ കൈ കോർത്തു.

മീര- കല്യാണം കഴിയട്ടെ. നിന്റെ മടി ഒക്കെ ഞാൻ മാറ്റുന്നുണ്ട്.

അരുൺ- ശരി.

അവർ രണ്ടും ഓഫീസിലേക്ക് പോയി.

വൈകുന്നേരം ആയി.

അരുണും മാലിനിയും മീരയോട് യാത്ര പറഞ്ഞ് വീട്ടിലേക്ക് പോയി.

പോകും വഴി മാലിനി പറഞ്ഞു,

മാലിനി- നാട്ടിൽ നിന്ന് ഓപ്പോൾ വിളിച്ചിട്ടുണ്ടാരുന്നു. അവിടെ ഒരുക്കങ്ങൾ തുടങ്ങണോ എന്ന് അറിയാൻ.

അരുൺ- തുടങ്ങാൻ പറ.

മാലിനി- പിന്നെ… ഓപ്പോൾക്ക് നല്ല പേടി ഉണ്ട്.

അരുൺ- എന്തിന്?

മാലിനി- അത്… ശങ്കര സ്വാമി അല്ലല്ലോ തീയതി ഒക്കെ കുറിച്ചെ?

അരുൺ- അതിന്?

മാലിനി- സ്വാമി ഇപ്പോൾ സ്ഥലത്ത് ഇല്ല. കല്യാണത്തിന് ഒരു ആഴ്ച മുൻപ് വരും. അദ്ദേഹം കൂടി നോക്കിയിട്ട് പോരേന്നാ ഓപ്പോൾ ചോദിക്കുന്നെ.

അരുൺ ദേഷ്യപ്പെട്ട് പെട്ടെന്ന് വണ്ടി നിർത്തി.

അരുൺ- എന്നിട്ട് അയാൾ പറ്റില്ല എന്ന് പറഞ്ഞാൽ?

മാലിനി- നീ എന്തിനാ ഇങ്ങനെ ചൂടാവുന്നേ? നിന്റെ നല്ലതിന് വേണ്ടി അല്ലേ പറയുന്നേ?

അരുൺ- ഇതാ ഇവിടെ വെച്ച് കല്യാണം നടത്താം എന്ന് ഞാൻ പറഞ്ഞേ.

മാലിനി- നമ്മുടെ കുടുംബത്ത് നടന്നത് മുഴുവൻ നിനക്ക് അറിയാല്ലോ? പിന്നെ നിനക്ക് ദോഷം വരുന്ന കാര്യം വല്ലതും ഞങ്ങൾ പറയോ?

അരുൺ- എനിക്ക് ഇതിൽ തീരെ വിശ്വാസം ഇല്ല.

മാലിനി- ഞങ്ങൾക്ക് വേണ്ടി പ്ലീസ്. ഇനി സ്വാമി സമ്മതം തന്നാൽ, ഞങ്ങൾക്ക് സന്തോഷത്തോടെ ഇത് നടത്താൻ പറ്റില്ലേ?

അരുൺ- ശരി. എന്ത് വേണമെങ്കിലും ചെയ്യ്.

പിന്നിൽ നിന്ന് ഹോണിന്റെ ശബ്ദം നല്ല രീതിയിൽ ഉയർന്നു. അപ്പോൾ അരുൺ വണ്ടി മുന്നോട്ട് എടുത്തു. ഇതിന്റെ ഇടയിൽ ഒരു വണ്ടി ഓവർ ടേക്ക് ചെയ്തു കൊണ്ട് ഉറക്കെ പറഞ്ഞു,

ഓവർ ടേക്ക് ചെയ്യതവൻ- നടുറോട്ടിൽ നിന്ന് ചെയ്യാതെ അവളെ വല്ല ലോഡ്ജിലും കൊണ്ട് പോടാ.

അയാളുടെ വാക്കുകൾ അരുണിന്റെ ദേഷ്യം കൂട്ടി. അവൻ ആ വണ്ടിക്ക് പുറകെ വെച്ച് പിടിച്ചു.

മാലിനി- അരുൺ നീ സ്പീഡ് കുറച്ചേ.

അരുൺ- അമ്മ അവൻ പറഞ്ഞത് കേട്ടില്ലേ?

മാലിനി- അവൻ എന്ത് വേണമെങ്കിലും പറയട്ടെ.

അരുൺ- ഇതൊന്നും വിട്ട് കൊടുക്കാൻ പറ്റില്ല.

മാലിനി- ടാ, നിന്റെ കല്യാണം ആണ് ഈ അടുത്ത്. ഇപ്പോ ഒരു പോലിസ് കേസ് ഒക്കെ ആയാൽ അത് വല്ലാത്ത പുലിവാൽ ആവും.

അരുൺ അമ്മയുടെ വാക്കുകൾ ചെവിക്കൊണ്ടു. എന്നിട്ട് സ്പീഡ് കുറച്ച് വീട്ടിലേക്ക് പോയി. വീട്ടിൽ എത്തി. അവർ കുളിച്ചു റെഡിയായി. അരുൺ അവന്റെ ഫുഡ്ബോൾ കിറ്റ് എടുത്ത് പുറത്ത് ഇറങ്ങി. മാലിനി അവന് പുറകെ വന്നു.

മാലിനി- നീ എങ്ങോട്ടാ പോകുന്നെ?

അരുൺ- ടർഫ് വരെ.

മാലിനി- കളിക്കാൻ പോവാൻ ആണെങ്കിൽ നീ എന്തിനാ കുളിച്ചേ?

അരുൺ- പിന്നെ ഈ വിയർപ്പും വെച്ച് അങ്ങോട്ട് പോവാൻ പറ്റോ?

മാലിനി- ശരി. പിന്നെ സൂക്ഷിച്ചു കളിക്കണം. ഈ അടുത്താ കല്യാണം.

അരുൺ- കല്യാണം അതിന്റെ മുറയ്ക്ക് നടന്നോളും. എപ്പോഴും ഇങ്ങനെ പറയണം എന്നില്ല.

മാലിനി- എപ്പോഴും പറഞ്ഞിട്ട് എന്താ? നീ കേൾക്കില്ലല്ലോ.

അരുൺ- ഞാൻ പോട്ടേ?

മാലിനി- മ്മ്

അരുൺ അവിടന്ന് പോയി.

മാലിനി ഫോൺ എടുത്ത് ഓപ്പോളെ വിളിച്ചു.

ഓപ്പോൾ- ആ മാലിനി.

മാലിനി- എന്തൊക്കെ ഉണ്ട് ഓപ്പോളെ?

ഓപ്പോൾ- ഇവിടെ ഒറ്റക്ക് കഴിയുന്ന എന്നോട് ചോദിക്കാൻ പറ്റിയ ചോദ്യം.

മാലിനി- ഓപ്പോൾ വിഷമിക്കണ്ട. ഞങ്ങള് ഈ അടുത്ത് തന്നെ വരില്ലേ.

ഓപ്പോൾ- നീ അല്ലേ ആള്. കല്യാണത്തലേന്നേ നിന്നെ ഒക്കെ കാണാൻ പറ്റൂന്ന് എനിക്കറിയാം.

മാലിനി- ഏയ് ഞങ്ങള് നേരത്തെ വരും. ഓപ്പോളെ ഒറ്റക്ക് കഷ്ടപ്പെടുത്തണ്ടാ എന്നാ അരുൺ പറഞ്ഞേ.

ഓപ്പോൾ- അവന് ഉള്ള സ്നേഹം നിനക്ക് ഇല്ലല്ലോ.

മാലിനി ചിരിച്ചുകൊണ്ട് - ദേ.. ഇപ്പോ ഞാൻ പുറത്തായോ?

ഓപ്പോൾ ചിരിച്ചുകൊണ്ട്- ശരി ശരി, ഞാൻ പറഞ്ഞത് തിരിച്ച് എടുത്തിരിക്കുന്നു.

മാലിനി കുറച്ചു ഗൗരവത്തിൽ പറഞ്ഞു,

മാലിനി- പിന്നെ ഓപ്പോൾ പറഞ്ഞ കാര്യം ഞാൻ അരുണിനോട് പറഞ്ഞു.

ഓപ്പോളും ഗൗരവത്തിൽ തിരിച്ച് ചോദിച്ചു,

ഓപ്പോൾ- എന്നിട്ട് അവൻ എന്ത് പറഞ്ഞു?

മാലിനി- ആദ്യം സമ്മതിച്ചില്ല. പിന്നെ നിർബന്ധിച്ചപ്പോൾ അവൻ സമ്മതിച്ചു.

ഓപ്പോൾ- അത് ഏതായാലും നന്നായി. അതും കൂടി അറിഞ്ഞാൽ നമുക്ക് സന്തോഷം ആയി നടത്തല്ലോ.

മാലിനി- അവര് തമ്മിൽ ചേരില്ലേ?

ഓപ്പോൾ- നീ പേടിക്കാതെ ഇരിക്ക്. ഇനി ചേർന്നില്ലെങ്കിൽ തന്നെ എന്തെങ്കിലും പരിഹാരവും സ്വാമി പറയും.

മാലിനി- അത് ഒന്ന് അറിയുന്നത് വരെ മനസ്സിൽ തീയാ.

ഓപ്പോൾ- നീ ഒന്ന് അടങ്ങ്. എല്ലാം ഇതോടെ തീരും. അങ്ങനെയാ എന്റെ മനസ്സ് പറയുന്നത്.

മാലിനി- മ്മ്..

ഓപ്പോൾ- എന്നാ ശരി. ഇവിടെ കുറച്ചു പണി ഉണ്ട്.

മാലിനി- ശരി.

ഓപ്പോൾ അതും പറഞ്ഞ് കട്ട് ചെയ്തു.

മാലിനി രാത്രിയിലേക്ക് ഉള്ള ചപ്പാത്തിയും കറിയും ഉണ്ടാക്കാൻ തുടങ്ങി. അത് ഉണ്ടാക്കി കഴിഞ്ഞ് അവൾ അരുണിന് വേണ്ടി കാത്തിരുന്നു. അൽപ്പം നേരം കഴിഞ്ഞ് അരുണിന്റെ വണ്ടി വന്നു. മാലിനി പുറത്ത് ഇറങ്ങി നിന്നു. വണ്ടിയിൽ നിന്ന് ഇറങ്ങിയ അരുൺ കുറച്ചു ബുദ്ധിമുട്ടിയാണ് പുറത്തേക്ക് വന്നത്. അത് കണ്ടതും മാലിനി അരുണിന്റെ അടുത്ത് പോയി.

മാലിനി- അരുൺ എന്ത് പറ്റി

അരുൺ- കാല് ചെറുതായി ഒന്ന് ഉളുക്കി.

മാലിനി അരുണിന്റെ താങ്ങി പിടിച്ചു. എന്നിട്ട് അവർ രണ്ട് പേരും അരുണിന്റെ റൂമിൽ എത്തി.

മാലിനി- നിന്നോട് ഞാൻ പറഞ്ഞത് അല്ലേ ശ്രദ്ധിച്ച് കളിക്കണം എന്ന്.

അരുൺ- ഇനി ഇപ്പോൾ അത് പറഞ്ഞിട്ട് കാര്യം ഇല്ല.

മാലിനി- ശരിയാ. നിനക്ക് വേദന ഉണ്ടോ?

അരുൺ- ചെറുതായി.

മാലിനി- ഞാൻ എന്നാ ആ കുഴമ്പ് ഇട്ട് ഒന്ന് തിരുമ്മി തരാം.

അരുൺ- മ്മ്.

മാലിനി കുഴമ്പ് എടുത്ത് കൊണ്ട് വന്ന് അരുണിന്റെ കാലിൽ നന്നായി പുരട്ടി.

മാലിനി- ഇനി അടങ്ങി കിടന്നോണം.

അരുൺ- ശരി.

മാലിനി- നീ വല്ലതും കഴിച്ചോ?

അരുൺ- മ്മ്

മാലിനി- നീ എന്നാ നേരത്തെ പറയാൻ പാടില്ലേ? ഞാൻ വെറുതെ കുറെ ചപ്പാത്തി ഉണ്ടാക്കി വെച്ചു.

അരുൺ- അത് സാരമില്ല. നാളെ രാവിലെ ഞാൻ അത് കഴിച്ചോളാം

മാലിനി- മ്മ്

അതും പറഞ്ഞ് മാലിനി അവിടെ നിന്നും പോയി.

അവൾ ചപ്പാത്തി കഴിക്കാൻ തുടങ്ങി. ആ സമയം ഓപ്പോൾ അവളെ വിളിച്ചു.

മാലിനി- ആ ഓപ്പോളെ?

ഓപ്പോൾ- എന്താടി.. ജോലി ഒക്കെ കഴിഞ്ഞോ?

മാലിനി- മ്മ്. ഇനി വലിയ ഒരു ജോലി ഉണ്ടാവൂന്നാ തോന്നുന്നേ.

ഓപ്പോൾ- എന്തുപറ്റി?

മാലിനി- അരുൺ കളിക്കാൻ പോയി കാല് ഉളുക്കി വന്നേക്കാ.

ഓപ്പോൾ- ഈ ചെറുക്കന്റെ ഒരു കാര്യം.

മാലിനി- എനിക്ക് ആണെങ്കിൽ വല്ലാത്ത പേടി തോന്നുന്നു, ഈ ഇടയായി. അരുതാത്തത് എന്തോ വരും പോലെ.

ഓപ്പോൾ- നീ പേടിക്കാതെ ഇരിക്ക് എല്ലാം ശരി ആവും. പിന്നെ അരുണിനോട് കുറച്ചു ദിവസത്തേക്ക് അടങ്ങി ഇരിക്കാൻ പറ.

മാലിനി- ഞാൻ പറഞ്ഞാൽ ഒന്നും അവൻ കേൾക്കില്ല.

ഓപ്പോൾ- മ്മ്. പിന്നെ ഞാൻ ശങ്കര സ്വാമിയെ വിളിച്ചിട്ടുണ്ടാർന്നു.

മാലിനി- എന്നിട്ട് സ്വാമി എന്ത് പറഞ്ഞു?

ഓപ്പോൾ- സ്വാമി വരുന്നത് വരെ ഒന്നും ചെയ്യണ്ടാ എന്നാ പറഞ്ഞേ.

മാലിനി- അപ്പോ എന്തെങ്കിലും പ്രശ്നം?

ഓപ്പോൾ- ആവോ അറിയില്ല. സ്വാമി ഒന്ന് ശരിക്കും നോക്കിയാൽ അല്ലേ പറയാൻ പറ്റൂ.

മാലിനി- മ്മ്.

ഓപ്പോൾ- പിന്നെ അരുണിനെ ഒന്ന് സൂക്ഷിക്കാൻ പറഞ്ഞു. അവന് മോശം സമയം ആണത്രേ.

മാലിനി- ശരി.

ഓപ്പോൾ- എന്നാ ഞാൻ വെക്കട്ടെ.

മാലിനി- മ്മ്

ഓപ്പോൾ- പിന്നെ പറഞ്ഞ കാര്യം ഒന്നും മറക്കണ്ടാ.

ഓപ്പോൾ അതും പറഞ്ഞ് ഫോൺ കട്ട് ചെയ്തു.

മാലിനിയുടെ ഉള്ളിൽ ഭയം വരാൻ തുടങ്ങി. അവൾ ഭക്ഷണം മതിയാക്കി നേരെ പൂജാ മുറിയിൽ പോയി മകന് വേണ്ടി മനമുരുകി പ്രാർത്ഥിച്ചു.

പിറ്റേദിവസം രാവിലെ തന്നെ മാലിനി അരുണിന്റെ റൂമിൽ പോയി. പക്ഷേ അവനെ കട്ടിലിൽ കണ്ടില്ല. അവൾ നേരെ ബാത്റൂമിൽ പോയി. മാലിനി ഞെട്ടിപ്പോയി. അവിടെ അവൾക്ക് കാണാൻ സാധിച്ചത് തറയിൽ വീണ് കിടക്കുന്ന അരുണിനെയാണ്.

മാലിനി ബാത്റൂം ടാപ്പിൽ നിന്ന് കുറച്ചു വെള്ളം എടുത്ത് അവന്റെ മുഖത്ത് തളിച്ചു. അരുൺ പതിയെ അവന്റെ കണ്ണുകൾ തുറന്നു. മാലിനിയുടെ ടെൻഷൻ പകുതി കുറഞ്ഞു. മാലിനി മെല്ലെ അവനെ താങ്ങി എഴുന്നേൽപ്പിച്ച് കട്ടിലിൽ കിടത്തി.

മാലിനി- മോനെ അരുൺ... എന്താ പറ്റിയെ?

അരുൺ- ഞാൻ മുഖം കഴുകാൻ പോയതാ. പെട്ടെന്ന് തലചുറ്റി. പിന്നെ ഒന്നും എനിക്ക് ഓർമ്മ ഇല്ല.

മാലിനി- നീ ഇന്നലെ വല്ലതും കഴിച്ചാർന്നോ?

അരുൺ- ഇല്ല.

മാലിനി- നിന്റെ അടുത്ത് ഞാൻ ഇന്നലെ ചോദിച്ചതല്ലേ വല്ലതും വേണോ എന്ന്?

അരുൺ- അമ്മയെ വെറുതെ ബുദ്ധിമുട്ടിക്കണ്ടാ എന്ന് കരുതി.

മാലിനി- ചപ്പാത്തിയും കറിയും കൊണ്ട് വരാൻ ആണോ ബുദ്ധിമുട്ട്?

അരുൺ- അമ്മ പ്ളീസ്... ഇനി അതിന്റെ പേരിൽ വഴക്ക് വേണ്ടാ.

മാലിനി- മ്മ്. നിനക്ക് കുഴപ്പം ഒന്നും ഇല്ലല്ലോ.

അരുൺ- ഇല്ല.

മാലിനി- നിന്റെ കാല് ശരിയായോ?

അരുൺ- ഇപ്പോ കുറവ് ഉണ്ട്.

മാലിനി- എന്നാ പല്ല് തേച്ച് വാ. ചായ കുടിക്കാം.

അരുൺ- മ്മ്.

മാലിനി അടുക്കളയിലേക്ക് പോയി. **അരുൺ** പല്ല് തേക്കാനും.

**അരുൺ** പല്ല് തേച്ച് കഴിഞ്ഞ് എത്തിയപ്പോഴെക്കും മാലിനി ബ്രേക്ക്ഫാസ്റ്റ് ഒക്കെ ഉണ്ടാക്കി കഴിഞ്ഞിരുന്നു.

രണ്ട് പേരും ഡൈനിങ്ങ് ടേബിളിൽ ഇരുന്നു. മാലിനി അരുണിന് അഞ്ച് ദോശ കൊടുത്തു.

അരുൺ- എന്റെ അമ്മേ, എനിക്ക് ഇത്രേം ദോശ ഒന്നും വേണ്ടാ.

മാലിനി- മിണ്ടാതെ ഇരുന്ന് മുഴുവനും കഴിച്ചോ.

അരുൺ- ശ്ശെടാ, ഇത് വല്യ പണി ആയല്ലോ.

മാലിനി ചിരിച്ചുകൊണ്ട് - അതെ. പണിയാണ്. പെട്ടെന്ന് കഴിക്കടാ ചെറുക്കാ.

അരുൺ- മ്മ്.

അവർ രണ്ട് പേരും ബ്രേക്ക്ഫാസ്റ്റ് കഴിച്ചു. മാലിനി പ്ലേറ്റ് ഒക്കെ കഴുകി കഴിഞ്ഞ് അരുണിന്റെ അടുത്ത് ചെന്നു.

മാലിനി- ഇന്ന് നീ സ്വപ്നം കണ്ടില്ലേ?

അരുൺ- അത് കണ്ട് കഴിഞ്ഞ് ഞെട്ടി ഉണർ ണർന്നു. എന്നിട്ട് പോയി മുഖം കഴുകാൻ നേരത്താ തലചുറ്റിയെ.

മാലിനി- മ്മ്. നീ എന്തായാലും റസ്റ്റ് എടുക്ക്. ഇന്ന് നീ വരില്ല എന്ന് ഓഫീസിൽ വിളിച്ച് പറഞ്ഞിട്ടുണ്ട്.

അരുൺ- എനിക്ക് കുഴപ്പം ഒന്നും ഇല്ല.

മാലിനി- നീ റസ്റ്റ് എടുക്ക് നല്ല ക്ഷീണം ഉണ്ട് നിനക്ക്.

അരുൺ- മ്മ്

മാലിനി പെട്ടെന്ന് ഉച്ചത്തേക്ക് ഉള്ള ഭക്ഷണം ഒക്കെ ഉണ്ടാക്കി. ഓഫീസിൽ പോവാൻ റെഡിയായി. എന്നിട്ടവൾ അരുണിന്റെ അടുത്തേക്ക് വന്നു.

മാലിനി- അരുൺ.. ഫുഡ് ഒക്കെ ഉണ്ടാക്കി വെച്ചിട്ടുണ്ട്. ഉച്ചക്ക് അത് ചൂടാക്കി കഴിക്കണം.

അരുൺ- മ്മ്.

മാലിനി- പിന്നെ, പുറത്തേക്ക് ഒന്നും പോവാൻ നിൽക്കണ്ടാ.

അരുൺ- ശരി.

മാലിനി- പിന്നെ എന്തെങ്കിലും ആവിശ്യം ഉണ്ടെങ്കിൽ വിളിക്കണം.

അരുൺ- അമ്മേ ഞാൻ കൊച്ചുകുട്ടി ഒന്നും അല്ല, ഇങ്ങനെ ഓരോന്നും പറഞ്ഞ് തരാൻ.

മാലിനി- കൊച്ചു കുട്ടിയെക്കാളും കഷ്ടം ആയത് കൊണ്ടാ ഓരോന്നും എടുത്ത് പറയുന്നത്.

അരുൺ- ആഹാ നല്ല തമാശ.

മാലിനി- ശരി. ഞാൻ പോവാണ് ഇനി നിന്നാൽ ഞാൻ ലേറ്റ് ആവും.

അരുൺ- ശരി.

മാലിനി അവിടെ നിന്നും പോയി.

ഓഫീസിൽ പതിവ് പോലെ മീര കാത്ത് നിൽക്കുന്നുണ്ടായിരുന്നു. ഇന്ന് അരുണിനെ കാണാത്തത് അവളെ നിരാശപ്പെടുത്തി.

മീര- അരുൺ എന്തേ ആന്റി?

മാലിനി- അവന്റെ കാല് ഒന്ന് ഉളുക്കി. ഇപ്പോ റസ്റ്റ് എടുക്കാ.

മീര- അയ്യോ എന്താ ആന്റി പറ്റിയെ?

മാലിനി- ഇന്നലെ ഫുട്ബോൾ കളിക്കാൻ പോയതാ.

മീര- അവന് ഇപ്പോൾ എങ്ങനെ ഉണ്ട്?

മാലിനി- ഇപ്പോ കുഴപ്പം ഒന്നും ഇല്ല.

മീര- ആന്റി ഞാൻ അവനെ ഒന്ന് കണ്ടേച്ചും വരാം.

മാലിനി- എന്റെ മീരേ അവന് അതിനുള്ള കുഴപ്പം ഒന്നും ഇല്ല.

മീര- എന്നാലും.

മാലിനി- എന്നാൽ വൈകുന്നേരം വീട്ടിലോട്ട് വാ.

മീര- ശരി.

രണ്ട് ആളും ഓഫീസിലേക്ക് കയറി.

മീര ക്യാബിനിൽ എത്തിയതും അരുണിനെ വിളിച്ചു.

മീര- ഹലോ അരുൺ.

അരുൺ- ആ മീര.

മീര- നിനക്ക് എന്താടാ പറ്റിയെ?

അരുൺ- അമ്മ എല്ലാം പറഞ്ഞല്ലേ?

മീര- നീ കാര്യം പറയടാ.

അരുൺ- എടീ ഫുട്ബോൾ കളിച്ചപ്പോൾ കാല് ഒന്ന് ഉളുക്കി. അത്രയേ ഒള്ളു.

മീര- നിനക്ക് നേരത്തെ എന്നോട് ഒന്ന് പറയാൻ പാടില്ലേ?

അരുൺ- എടീ കാര്യമായിട്ട് ഒന്നും പറ്റിയില്ല. പിന്നെ ഈ ചെറിയ കാര്യത്തിന് നിന്നെ വെറുതെ ബുദ്ധിമുട്ടിക്കണ്ടാ എന്ന് കരുതി.

മീര- നിന്റെ കാര്യത്തിൽ ബുദ്ധിമുട്ടുന്നത് എനിക്ക് ഒരു പ്രശ്നം അല്ല.

അരുൺ- ശരി ഇനി ഒന്ന് തുമ്മിയാൽ പോലും ഞാൻ നിന്നെ വിളിച്ച് പറഞ്ഞോളാം.

അരുണിന്റെ വാക്കുകൾ കേട്ട് മീര ചിരിച്ചു.

മീര- മ്മ്.. എന്തായാലും ഞാൻ വൈകുന്നേരം വരുന്നുണ്ട്.

അരുൺ- മ്മ്.

വൈകുന്നേരം മീരയും മാലിനിയും വീട്ടിലേക്ക് പോയി.

അവർ വന്നതും അരുൺ വാതിൽ തുറന്നു.

മാലിനി- കണ്ടോ മീരേ, ഞാൻ പറഞ്ഞില്ലേ ഇവന് കുഴപ്പം ഒന്നും ഇല്ലെന്ന്.

മീര- എന്നാലും ഒരു മന:സമാധാനം വേണ്ടേ.

മാലിനി- മ്മ്. നിങ്ങൾ സംസാരിച്ച് ഇരിക്ക്. ഞാൻ ചായ എടുക്കാം.

അരുൺ- നീ വാ.

അരുണും മീരയും അവന്റെ റൂമിലേക്ക് പോയി. റൂമിൽ എത്തിയതും അരുൺ മീരയെ കെട്ടിപ്പിടിച്ചു. മീര ഒന്ന് പിടഞ്ഞു കൊണ്ട് പറഞ്ഞു,

മീര- ഏയ്യ്.. അരുൺ എന്താ കാട്ടുന്നെ?

അരുൺ- അടങ്ങി നിൽക്കെടി.

മീര- നിന്റെ ഒരു കാര്യം.

അതും പറഞ്ഞ് മീര അരുണിനെ കെട്ടിപ്പിടിച്ചു. അൽപനേരം അവർ തന്നെ നിന്നു. ഈ സമയം മാലിനി ചായയും ആയി അവിടേക്ക് വന്നു. മാലിനി ശബ്ദം ഉണ്ടാക്കി അകത്തേക്ക് കയറി. മാലിനിയെ കണ്ടതും മീരയുടെ ഉള്ളിൽ നാണം ഉണർത്തി. മീരയും അരുണും പെട്ടെന്ന് നീങ്ങി മാറി. എന്നാലും രണ്ട് പേരുടെയും മുഖത്ത് ചമ്മൽ ഉണ്ടായിരുന്നു.

മാലിനി- ദേ ചായ കുടിക്ക്.

മാലിനി ഒരു ചെറു പുഞ്ചിരിയോടെ ചായ അവർക്ക് നൽകി. അവർ അത് വേഗം കുടിച്ചു

മീര- ആന്റി ഞാൻ എന്നാ ഇറങ്ങാ.

മാലിനി- നിക്ക് മോളെ ഞാൻ കൊണ്ടാക്കാം.

മീര- വേണ്ടാ ആന്റി ഞാൻ ക്യാബ് ബുക്ക് ചെയ്യാം.

മാലിനി- ശരി.

മീര ഒരു ക്യാബ് ബുക്ക് ചെയ്ത് അവിടെ നിന്നും പോയി.

മാലിനി ഒരു കള്ളച്ചിരി അവനെ നോക്കി ചിരിച്ചു.

അരുൺ ചെറിയ ചമ്മലോടെ- അമ്മ എന്തിനാ ചിരിക്കുന്നേ? ഞാൻ കെട്ടാൻ പോകുന്ന പെണ്ണിനെ അല്ലേ കെട്ടിപിടിച്ചെ?

മാലിനി- ശ്ശെടാ… അതിന് ഞാൻ ഒന്നും പറഞ്ഞില്ലല്ലോ.

അരുൺ- ആ കാട്ടായം കണ്ടാൽ അറിയാം. എല്ലാം കണ്ടോണ്ടുള്ള വരവായിരുന്നൂന്ന്.

മാലിനി- നീ പോയ് കുളിച്ചേ സമയം കളയാണ്ട്.

അരുൺ- മ്മ്.

രാത്രി അവർ ഭക്ഷണം കഴിച്ച് കിടന്നു.

ഉറങ്ങാൻ നേരം മാലിനിയെ ഓപ്പോൾ വിളിച്ചു.

ഓപ്പോൾ- ആ മാലിനി.

മാലിനി- ഓപ്പോൾ വിളിച്ചത് നന്നായി.

ഓപ്പോൾ- എന്തേടീ?

മാലിനി- ഇന്ന് അരുൺ ബാത്റൂമിൽ തലചുറ്റി വീണു.

ഓപ്പോൾ ഒന്ന് ഞെട്ടി കൊണ്ട് ചോദിച്ചു,

ഓപ്പോൾ- എന്നിട്ട്?

മാലിനി- ഒന്നും പറ്റിയില്ല. ഇന്നലെ രാത്രി ഭക്ഷണം കഴിക്കാത്തത് കൊണ്ടാ. പക്ഷേ എനിക്ക് എന്തോ പന്തികേട് തോന്നുന്നു.

ഓപ്പോൾ- നീ പേടിക്കാതെ ഇരിക്ക്.

മാലിനി- അതല്ല. നമ്മുടെ കുടുംബത്ത് നടന്ന അനിഷ്ട സംഭവങ്ങൾ ഇനി എങ്കിലും മീരയുടെ വീട്ടുക്കാരെ അറിയിക്കണ്ടേ?

ഓപ്പോൾ- നിൽക്ക്.. അവരുടെ ജാതകത്തിന് വല്ല പ്രശ്നം ഉണ്ടെങ്കിൽ അത് പറഞ്ഞാൽ മതി.

മാലിനി- അതല്ല ഓപ്പോളെ. രണ്ട് പേരും നന്നായി അടുത്തിരിക്കുകയാ. ഇത് നടന്നില്ലെങ്കിൽ അവർ ആകെ തകർന്ന് പോകും.

ഓപ്പോൾ- ഏയ്യ് ഒന്നും സംഭവിക്കില്ല. നീ പേടിക്കാതെ കിടന്ന് ഉറങ്ങ്.

മാലിനി- മ്മ്.

അവർ സംസാരം നിർത്തി ഉറങ്ങി. പിറ്റേന്ന് രാവിലെ അവർ ബ്രേക്ക്ഫാസ്റ്റ് ഒക്കെ കഴിച്ച് ഓഫീസിലേക്ക് പോവാൻ തുടങ്ങി. പക്ഷേ മാലിനിയുടെ വേഷം കണ്ട് അരുൺ ഞെട്ടി.

ഒരു വെള്ള ടീഷർട്ടും പിന്നെ നീല കളർ ചെക്ക് പാവാടയും ആണ് മാലിനിയുടെ വേഷം.

അരുൺ മാലിനിയെ മിനി സ്കർട്ടിൽ പല തവണ കണ്ടിട്ടുണ്ട്. പക്ഷേ ആ ഡ്രസ്സിന് എല്ലാം അവളുടെ മുട്ട് വരെ ഇറക്കം ഉണ്ടായിരുന്നു. പക്ഷേ ആദ്യം ആയാണ്, തുട വരെ മാത്രം ഇറക്കം ഉള്ള ഡ്രസ്സിൽ അമ്മയെ കാണുന്നത്. അരുൺ കുറച്ചു ദേഷ്യത്തിൽ ചോദിച്ചു,

അരുൺ- ഇത് എന്ത് ഡ്രസ്സ് ആണ് അമ്മേ?

മാലിനി- നീ ദേഷ്യപ്പെടാതെ പതുക്കെ പറ.

അരുൺ ദേഷ്യം കുറച്ചു കണ്ട്രോൾ ചെയ്തു. എന്നിട്ട് പറഞ്ഞു,

അരുൺ- എന്താ അമ്മേ ഇത്?

മാലിനി- എന്താടാ ഈ ഡ്രസ്സിന് കുഴപ്പം?

അരുൺ- അമ്മേ ഈ ഡ്രസ്സിന്റെ ഇറക്കം ശ്രദ്ധിച്ചോ?

മാലിനി- എടാ ഇറക്കം കുറച്ചു കുറവാ. പക്ഷേ എനിക്ക് വളരെ ഇഷ്ടപ്പെട്ട ഡ്രസ്സാണിത്. കുറച്ചു കഴിഞ്ഞാൽ ഇത് പോലത്തെ ഡ്രസ്സ് ഒന്നും എനിക്ക് ഇടാൻ പറ്റില്ല. അത് കൊണ്ട് ഈ പ്രാവശ്യത്തേക്ക് നീ ഒന്ന് ക്ഷമിക്ക്.

അരുൺ- ഇന്ന് വൈകുന്നേരം വന്നാൽ ഉടൻ ഈ ഡ്രസ്സ് കളഞ്ഞോണം.

മാലിനി- ശരി.

മാലിനി ഒരു വിധത്തിൽ അരുണിനെ പറഞ്ഞ് സമ്മതിപ്പിച്ചു.

എന്നിട്ട് അവർ പതിവ് പോലെ ഓഫീസിൽ ചെന്നു.

ആ വലിയ ഓഫീസിൽ ആർക്കും ഇതൊന്നും മൈൻഡ് പോലും ഇല്ലായിരുന്നു. അവർ അമ്മയും മകനും ആണെന്നു തന്നെ അപൂർവ്വം ചിലർക്കേ അറിയൂ.

വൈകുന്നേരം അരുൺ മാലിനിയെ വിളിക്കാൻ ചെന്നു.

അരുൺ- അമ്മേ പോവാം

മാലിനി- അരുൺ കുറച്ചു വർക്ക് കൂടി തീരാൻ ഉണ്ട് നീ പോക്കോ. ഞാൻ ഒരു ക്യാബ് വിളിച്ചോളാം.

അരുൺ- ശരി.

അരുൺ വീട്ടിലേക്ക് പോയി. ഒരു അര മണിക്കൂർ കഴിഞ്ഞപ്പോൾ അവൻ കുളിച്ച് റെഡിയായി. എന്നിട്ട് അവൻ മാലിനിയെ വിളിച്ചു. പക്ഷേ അവൾ ഫോൺ എടുത്തില്ല.

അരുൺ അടുത്തത് ആയി മീരയെ വിളിച്ചു.

അരുൺ- മീരേ.

മീര- എന്താ അരുൺ?

അരുൺ- എടീ ഇവിടെ എവിടെയാ നല്ല ചായ കിട്ടുന്ന സ്ഥലം?

മീര- എടാ നമ്മുടെ ഓഫീസിന്റെ അടുത്ത് ഒരു ചായക്കട കണ്ടിട്ടില്ലേ?

അരുൺ- ഉവ്വാ.

മീര- അവിടെ പൊയ്ക്കോ... അടിപൊളിയാണ്.

അരുൺ- മ്മ്. നീ ഫ്രീ ആണോ?

മീര- അല്ലേടാ. ഇവിടെ കുറച്ചു റിലേറ്റീവ്സ് വന്നിട്ടുണ്ട്.

അരുൺ- മ്മ്.

മീര- ആന്റി എന്തേടാ?

അരുൺ- അമ്മ വന്നിട്ടില്ല. കുറച്ചു വർക്ക് ചെയ്ത് തീർക്കാൻ ഉണ്ട്.

മീര- എടാ ഞാൻ വെയ്ക്കാണേ. ഇവിടെ കുറെ പിള്ളേർ വന്നിട്ടുണ്ട്.

അരുൺ- മ്മ്.

മീര ഫോൺ കട്ട് ചെയ്തു.

അരുൺ നേരെ കാർ എടുത്ത് മീര പറഞ്ഞ ചായക്കടയിൽ പോയി, ഒരു ചായ കുടിച്ചു.

അവിടെ ഇരിക്കുമ്പോൾ ആണ് അരുൺ അന്ന് അവനെയും മാലിനിയെയും കളിയാക്കിക്കൊണ്ട് പോയവന്റെ വണ്ടി കണ്ടത്.

അരുൺ പെട്ടെന്ന് ചായകടയുടെ അകത്തു കയറി. എന്നിട്ട് പറഞ്ഞു,

അരുൺ- ആരുടെയാ ആ പുറത്ത് കിടക്കുന്ന ഇന്നോവ?

അവിടെ ഇരുന്ന കുറച്ചു പേരിൽ ഒരാൾ എണീറ്റു. എന്നിട്ട് പറഞ്ഞു,

കാറുകാരൻ- എന്റെയാ. എന്താ പ്രശ്നം?

അരുൺ- വണ്ടിയുടെ ഗ്ലാസ്സ് പൊട്ടിയിരിക്കുകയാ.

കാറുകാരൻ- ഗ്ലാസ്സ് പൊട്ടാനോ?

കാറുകാരൻ അതും പറഞ്ഞ് അരുണിന്റെ കൂടെ പുറത്തേക്ക് വന്നു. കാറുകാരൻ വണ്ടിയുടെ ചുറ്റും നോക്കി ഒരു കുഴപ്പം ഇല്ലെന്ന് മനസ്സിലാക്കി. എന്നിട്ട് ദേഷ്യത്തിൽ അരുണിനോട് പറഞ്ഞു,

കാറുകാരൻ- കാറിന് ഒരു കുഴപ്പവും ഇല്ലല്ലോ?

അരുൺ- ഇല്ല. നിന്നെ പുറത്ത് ഇറക്കാൻ ഒരു നമ്പർ ഇട്ടത് അല്ലേ.

അരുൺ അതും പറഞ്ഞ് കാറുകാരന്റെ കവിളിൽ രണ്ടടി കൊടുത്തു.

അടി കൊണ്ട ഉടനെ കാറുകാരൻ ഓടാൻ തുടങ്ങി.

അരുണും പിന്നാലെ ഓടി.

അരുൺ- എടാ നിൽക്കടാ. ഇനി തല്ലില്ല.

അരുൺ ഓടുന്നതിന്റെ ഇടക്ക് പറഞ്ഞു.

കാറുകാരൻ- എനിക്ക് അറിയാം നിന്നാൽ ഇനിയും കിട്ടുന്ന്.

അരുൺ- എടാ എന്തിനാ തല്ലിയത് എന്നെങ്കിലും അറിയണ്ടേ?

കാറുകാരൻ- വേണ്ടാ.

കാറുകാരൻ സ്പീഡിൽ ഓടി അരുണിന്റെ അടുത്ത് നിന്നും രക്ഷപ്പെട്ടു.

അരുണിന് ഓടിയത് കൊണ്ട് നന്നായി ദാഹിച്ചു. അവൻ അവിടെ അടുത്തുള്ള ഒരു റെസ്റ്റോറന്റിൽ കയറി. തണുത്ത ഒരു കൂൾഡ്രിങ്ക് പറഞ്ഞു. അതും കുടിച്ച് പോവാൻ നേരം ആണ്, ഔട്ട്ഡോറിൽ മാലിനിയെ കണ്ടത്. അരുൺ പതിയെ അവിടേക്ക് നടന്നു. കുറച്ചു നടന്നപ്പോൾ മാലിനിയുടെ കൂടെ ഒരു പുരുഷൻ ഉണ്ടെന്ന് മനസ്സിലായി.

അരുൺ അയാളെ സൂക്ഷിച്ചു നോക്കി. അത് ഓഫീസിലെ ശേഖർ ആണ്. അയാൾക്ക് അമ്മയുമായി എന്ത് ബന്ധം എന്ന് അവൻ ആലോചിച്ചു.

അരുൺ കുറച്ചു കൂടി അടുത്ത് ചെന്നപ്പോൾ ആണ്, അവന്റെ ഹൃദയം നടുക്കിയ കാഴ്ച അവൻ കണ്ടത്.

ശേഖർ മാലിനിയുടെ തുടയിൽ കൈ വെച്ച് ഇരിക്കുന്നു!

അരുണിന്റെ ഉള്ളിൽ കോപം ഇരച്ചു കയറാൻ തുടങ്ങി. എന്നാലും അമ്മ അതിനെ എതിർക്കാത്തത് അവനിൽ ചെറിയ വിഷമം ജനിപ്പിച്ചു. അത് കണ്ട് നിൽക്കാൻ പറ്റാത്തത് കൊണ്ട് അരുൺ അവരുടെ അടുത്തേക്ക് ചെന്നു.

അരുൺ എത്തിയതും ശേഖർ മാലിനിയുടെ തുടയിൽ നിന്ന് കൈ എടുത്തു.

അരുണിനെ കണ്ടതും മാലിനി ശരിക്കും പേടിച്ചു.

ശേഖർ- ആ അരുൺ ഇരിക്ക്

മാലിനി കുറച്ചു തപ്പി തടഞ്ഞ് പറഞ്ഞു,

മാലിനി- ഇരിക്ക് അരുൺ. നിനക്ക് ആളെ മനസ്സിലായില്ലേ?

അരുൺ- ആ മനസ്സിലായി.

മാലിനി- ഞാൻ വർക്ക് തീർത്ത് ഇറങ്ങിയപ്പോൾ ആണ്, ശേഖർ എനിക്ക് ഒരു ലിഫ്റ്റ് തരാം എന്ന് പറഞ്ഞത്.

അരുൺ- മ്മ്, താങ്ക്യൂ ശേഖർ. ഇനി ഞാൻ അമ്മയെ കൊണ്ടുപൊയ്ക്കോളാം.

ശേഖർ- ഒക്കെ.

അരുൺ- അമ്മേ, നമുക്ക് പോയാലോ?

മാലിനി ഭയന്ന് കൊണ്ട് പറഞ്ഞു,

മാലിനി- ശരി. ബൈ ശേഖർ.

ശേഖർ- ബൈ മാലിനി.

അരുൺ ദേഷ്യത്തോടും സ്പീഡിലും കാറിന്റെ അടുത്തേക്ക് നടന്നു.

മാലിനിയും അവന്റെ പുറകിൽ അതേ സ്പീഡിൽ നടന്നു. രണ്ടാളും കാറിൽക്കയറി.

അരുൺ കാറ് സ്റ്റാർട്ട് ചെയ്ത് യാത്ര തുടങ്ങി.

അരുൺ- അയാൾ ആരാ?

മാലിനി- എന്റെ ഫ്രണ്ട്, ശേഖർ.

അരുൺ- സാദാ ഫ്രണ്ടോ അതോ ബോയ് ഫ്രണ്ടോ?

ആ ചോദ്യം മാലിനിയുടെ പേടിയെ കൂട്ടി.

മാലിനി- സാദാ ഫ്രണ്ട്.

അരുൺ ദേഷ്യത്തോടെയും ഉച്ചത്തിലും മാലിനിയോട് ചോദിച്ചു,

അരുൺ- സാദാ ഫ്രണ്ട് ആണെങ്കിൽ അമ്മയുടെ തുടയിൽ എന്തിനാ അയാൾ കൈ വെച്ചേ?

അരുണിന്റെ വാക്കുകൾ ഓരോ മുള്ളുകൾ ആയി മാലിനിയുടെ ഹൃദയത്തിൽ തറച്ചു കയറി. ആ ചോദ്യത്തിന് അവൾക്ക് മറുപടി ഇല്ലായിരുന്നു. മാലിനി തല താഴ്ത്തിക്കൊണ്ട് കരയാൻ തുടങ്ങി.

അരുൺ- എത്ര വർഷം ആയി ഇത് തുടങ്ങിയിട്ട്? ഈ ഡ്രസ്സ് ഇട്ടത് എളുപ്പത്തിന് വേണ്ടിയാണോ? അയാളെ അമ്മക്ക് ഇഷ്ടം ആണോ?

അരുണിന്റെ തുടരെ തുടരെ ഉള്ള ചോദ്യങ്ങൾ അവളുടെ വിഷമത്തെ കൂട്ടി. പക്ഷേ അവൾക്ക് മറിച്ച് ഒന്നും പറയാനും സാധിച്ചില്ല.

അന്ന് രാത്രി അരുൺ മാലിനിയുടെ അടുത്ത് വന്നു.

അരുൺ- സോറി അമ്മ.

മാലിനി- ഏയ്.. നീ എന്തിനാ സോറി പറയുന്നേ? തെറ്റ് എല്ലാം എന്റെ ഭാഗത്ത് ആണ്.

അരുൺ- പെട്ടെന്ന് ഒക്കെ കണ്ടപ്പോൾ എന്റെ കണ്ട്രോൾ ഫുൾ പോയി.

മാലിനി- എനിക്ക് മനസ്സിലാവും.

അരുൺ- അമ്മക്ക് അയാളെ ഇഷ്ടം ആണെങ്കിൽ എനിക്ക് പ്രശ്നം ഒന്നും ഇല്ല. പക്ഷേ എന്റെ കല്യാണം കഴിഞ്ഞിട്ട് മതി ബാക്കി.

മാലിനി- നീ വിചാരിക്കും പോലെ ഒന്നും ഇല്ല ഞങ്ങൾ തമ്മിൽ. ഒരിക്കൽ അയാൾ എന്നെ പ്രൊപ്പോസ് ചെയ്തു. ഞാൻ അത് റീജക്റ്റ് ചെയ്തതാ.

അരുൺ- പിന്നെ?

മാലിനി- അയാൾ കുറെ നാൾ പുറകെ നടന്നു. പിന്നെ.. ഇന്ന് യാദൃശ്ചികമായി ഒരു ലിഫ്റ്റ് തന്നപ്പോൾ എതിർക്കാനും തോന്നിയില്ല. ഞാൻ കുറെ തവണ അയാളുടെ കൈ എന്റെ തുടയിൽ നിന്ന് മാറ്റിയത് ആണ്. പക്ഷേ അയാൾ കൈ മാറ്റാൻ കൂട്ടാക്കിയില്ല.

അരുൺ- അയാൾ ഒരു ശല്യം ആണെങ്കിൽ എന്നോട് പറയാൻ പാടില്ലേ?

മാലിനി- ഇനി ഒന്നും ഉണ്ടാവില്ല. ഞാൻ അയാളെ വിളിച്ച് നല്ല ചീത്ത പറഞ്ഞിട്ടുണ്ട്.

അരുൺ- മ്മ്.

മാലിനി- സോറി മോനെ. ഇനി ഇങ്ങനെ ഒന്നും ഉണ്ടാവില്ല.

അരുൺ- ഏയ്യ് ഞാൻ അത് മറന്നു. ഇനി ആ കാര്യത്തെ പറ്റി ഒരു ചർച്ച വേണ്ടാ.

മാലിനി- മ്മ്

അരുൺ കൈ നീട്ടി അമ്മയെ കെട്ടിപ്പിടിച്ച് കവിളിൽ ഒരുമ്മ കൊടുത്തു.

അരുൺ- സോറി.

മാലിനി- സോറി.

മാലിനിയുടെ കണ്ണുകൾ നിറഞ്ഞു.

***തറവാട്***

ദിവസങ്ങൾ കടന്ന് പോയി അരുണും മാലിനിയും നാട്ടിലേക്ക് പുറപ്പെടാൻ തയ്യാറായി.

അരുൺ നല്ല സന്തോഷത്തിൽ ആണ്. ഇനി കുറച്ചു ദിവസം കഴിഞ്ഞാൽ മീരയെ സ്വന്തം ആക്കാം എന്ന പ്രതീക്ഷയിൽ ആണ് അവൻ.

മറിച്ച് മാലിനി സർവ്വ ദൈവങ്ങളെയും വിളിച്ച് മകന് വേണ്ടി പ്രാർത്ഥിച്ചു.

അവർ രണ്ട് പേരും നാട്ടിലേക്ക് ഉള്ള ഫ്ലൈറ്റിൽ കയറി.

യാത്ര പകുതിയായപ്പോൾ മാലിനി ചെറിയൊരു മയക്കത്തിലേക്ക് തെന്നി വീണു. അതോടൊപ്പം, അവളുടെ മനസ്സിൽ തങ്ങളുടെ ജീവിതത്തിലെ പഴയ പല കാര്യങ്ങളും തെളിഞ്ഞ് വരാൻ തുടങ്ങി.

*‘പത്തേക്കർ സ്ഥലത്താണ് മധുമന ഇല്ലം സ്ഥിതി ചെയ്യുന്നത്. ഇല്ലത്തിനോട് ചേർന്ന് ഒരു സർപ്പക്കാവും, കുറച്ചുമാറി കുടുംബക്ഷേത്രവും, കുളിക്കടവും എല്ലാം ഉണ്ട്. പിന്നെ ബാക്കി ഉള്ള സ്ഥലത്ത് മുഴുവൻ കൃഷിയും.*

*സഹോദരങ്ങളിൽ മൂത്തയാൾ ആയിരുന്ന ഹരിനാരായണൻ വേളി കഴിച്ച് കൊണ്ട് വന്നത്, ലക്ഷ്മിക്കുട്ടിയെയും ഇളയയാൾ ഹരികൃഷ്ണൻ വേളി കഴിച്ച് കൊണ്ട് വന്നത് മാലിനിയെയും.*

*ലക്ഷ്മിക്കുട്ടിക്ക് പത്തൊൻപതും, മാലിനിക്ക് പതിനെട്ടും വയസ്സായിരുന്നു പ്രായം. രണ്ടുപേരും ഡിഗ്രിക്ക് പഠിക്കുമ്പോഴായിരുന്നു വിവാഹങ്ങൾ.*

*രണ്ട് കുടുംബത്തിൽ നിന്ന് വന്ന പെണ്ണുങ്ങൾ ആയിട്ടും, അവർ രണ്ട് പേരും സഹോദരികളെ പോലെയാണ് പെരുമാറിയിരുന്നത്. മാലിനി തമ്മിൽ കണ്ടനാൾ മുതൽ ലക്ഷ്മിക്കുട്ടിയെ ഓപ്പോൾ എന്നാണ് വിളിച്ചുവന്നത്. വിവാഹശേഷം രണ്ടുപേരും ഭർത്താക്കന്മാരുടെ അനുവാദത്തോടെ അവരവരുടെ ഡിഗ്രി പൂർത്തിയാക്കി.*

*സന്തോഷപൂർണ്ണം ആയി പോയി കൊണ്ടിരുന്ന അവരുടെ ജീവിതം പെട്ടെന്ന് മാറി മറിഞ്ഞു.*

*ഹരിനാരായണന്റെയും ഹരികൃഷ്ണന്റെയും അച്ഛനും അമ്മയും പെട്ടെന്ന് ഒരു ദിവസം മരിച്ചു. രണ്ടാൾക്കും നല്ല പ്രായം ഉണ്ടായിരുന്നതു കൊണ്ട് ആരും അത് കാര്യം ആക്കിയില്ല.*

*കുറച്ചു നാൾ കൂടി അവർ സന്തോഷത്തോടെ ജീവിച്ചു.*

*ഇരുപതാം വയസ്സിൽ മാലിനി ഗർഭിണിയായി. അവൾ അരുണിനെ പ്രസവിക്കുകയും ചെയ്തു.*

*അരുണിനെ വാൽസല്ലിക്കാൻ രണ്ട് അമ്മമാർ ആയിരുന്നു - മാലിനിയും, ലക്ഷ്മിക്കുട്ടിയും.*

*അരുണിന് രണ്ടുവയസ് തികഞ്ഞ്, ഒരു ദിവസം രാവിലെ അവർക്ക് കാണാൻ കഴിഞ്ഞത് ഹരിനാരായണന്റെ മൃതദേഹം ആയിരുന്നു. സർപ്പക്കാവിന്റെ അടുത്തുവച്ച് പാമ്പ് കടിയേറ്റാണ് ഹരിനാരായണൻ മരിച്ചത്. ആ കാഴ്ച ഇല്ലത്തിന്റെ എല്ലാ സന്തോഷവും സമാധാനവും ഇല്ലാതാക്കി.*

*കുറച്ചു നാൾ കൂടി കഴിഞ്ഞപ്പോൾ ഹരികൃഷ്ണനും ഇതേ അവസ്ഥയിൽ മരണപ്പെട്ടു.*

*അതോടെ ഇല്ലത്ത് എന്തോ കാര്യമായ പ്രശ്നങ്ങൾ ഉണ്ടെന്ന് അവർക്ക് മനസ്സിലായി.*

*അവർ കുടുംബ ജ്യോൽസ്യൻ ആയ ശങ്കര സ്വാമിയെ വിളിച്ച് പ്രശ്നം വെപ്പിച്ചു.*

*അതിൽ നിന്ന് കുടുംബത്ത് സർപ്പശാപം ഉണ്ടെന്ന് മനസ്സിലായി.*

*ശങ്കര സ്വാമി അവർക്ക് പ്രതിവിധിയായി കുറച്ചു കാര്യങ്ങൾ പറഞ്ഞ് കൊടുത്തു:*

1. *ഈ അടുത്ത് തന്നെ സർപ്പക്കാവിൽ പഴയത് പോലെ പൂജകൾ നടത്തണം.*
2. *കളം എഴുത്തും സർപ്പപ്പാട്ടും നടത്തണം.*
3. *താൻ തരുന്ന പൂജിച്ച തകിട് കാവിലെ ചെറിയ അമ്പലത്തിലെ മരത്തിൽ കെട്ടുക.*

*സ്വാമി പറഞ്ഞ കാര്യങ്ങൾ എല്ലാം അവർ ചെയ്തു. അതിന് ശേഷം അവർക്ക് കുറച്ചു ആശ്വാസം ഒക്കെ തോന്നി.*

*ആ ദു:ഖങ്ങളിൽ നിന്ന് രക്ഷനേടാൻ അവർ രണ്ടുപേരും തങ്ങളുടെ പഠനം തുടർന്നു. മാലിനി ഫിനാൻസിലും ലക്ഷ്മിക്കുട്ടി കൃഷിയിലും ആയിരുന്നു ഡിഗ്രി എടുത്തിരുന്നത്. രണ്ടുപേരും അവയിൽത്തന്നെ മാസ്റ്റേഴ്സ് എടുത്തു. എല്ലാ വിഷമങ്ങളും അവർ പഠനത്തിൽ ഒഴുക്കി. ഏറ്റവും ഉയർന്ന മാർക്കുകൾ നേടിയാണ് അവർ പാസ്സായത്.*

*ഇല്ലത്തിന്റേയും സ്വത്തുക്കളുടെയും അവകാശികാളായിത്തീർന്ന അവർ, ആദ്യമായി ചെയ്തത് ആ പത്തേക്കർ പുറയിടത്തിന് ചുറ്റും ഉള്ള അതിർത്തിയിൽ, കൃത്യമായി അളപ്പിച്ച്, ചുറ്റുമതിൽ കെട്ടുകയാണ്. അതിനുശേഷം ബാങ്ക് ലോൺ എടുത്ത് ആധുനിക കൃഷിരീതിയിൽ വിവിധയിനം കൃഷികൾ തുടങ്ങി. ഇല്ലത്തെ വിശ്വസ്തരായ പഴയ പണിക്കാർ എല്ലാം, കുടുംബാംഗങ്ങളേക്കാൾ ആത്മാർഥമായി കൂടെ നിന്നു.*

*പയ്യെപ്പയ്യെ അവർ വളർന്നുയരാൻ തുടങ്ങി.*

*ലഷ്മിക്കുട്ടിയുടെ കൃഷിയുടെ കണക്കുകൾ എല്ലാം നോക്കിയിരുന്നത് മാലിനിയായിരുന്നു. കണക്കുകളിലെ കൃത്യത മൂലം ബാങ്കുകൾക്ക് ലക്ഷ്മിക്കുട്ടിയോടും മാലിനിയോടും, അന്നും ഇന്നും വളരെ ബഹുമാനം ആയിരുന്നു.*

*ലക്ഷ്മിക്കുട്ടിയ്ക്ക് മാലിനിയും അരുണും, മാലിനിക്ക് ലക്ഷ്മിക്കുട്ടിയും അരുണും.*

*മറ്റെല്ലാവരെയും അവർ കയ്യകലത്തിൽ നിർത്തി. സമുദായപ്രമാണിമാരെപ്പോലും.*

*ചുറ്റുമുള്ള ആരെയും അവർ ഭയന്നില്ല. എന്നാൽ അഹങ്കരിച്ചുമില്ല. അതിനാൽ അവരെപ്പറ്റി എതിരായി പറയാൻ ഒന്നും ഇല്ലായിരുന്നു.*

*സ്വതേ അധികം വണ്ണമില്ലാത്ത, സുന്ദരികളായ അവർ രണ്ടുപേരും, ആത്മവിശ്വാസത്തോടോപ്പം തങ്ങളുടെ ആരോഗ്യവും കാത്തുസൂക്ഷിച്ചു. അതിനാൽ അവരെ കാണുന്നവർക്ക് ഒരു എപ്പോഴും പത്തു വയസ്സെങ്കിലും*

കുറവേ തോന്നിയിരുന്നുള്ളൂ. അവരുടെ ദു:ഖങ്ങൾ അവർ പുറത്ത് കാണിച്ചില്ല. പ്രത്യേകിച്ച് അരുണിന്റെ മുമ്പിൽ. ഒരുമിച്ചു നിന്ന് അവർ ജീവിതത്തെ നേരിട്ടു. അവർക്ക് എല്ലാം അരുൺ ആയിരുന്നു. അവരുടെ മകൻ.

അരുണിനെയും അങ്ങനെയാണ് വളർത്തിയത്. ചെറുപ്പത്തിൽത്തന്നെ തറവാട്ടിൽ നടന്ന സംഭവങ്ങൾ അവനെ മനസ്സിലാക്കിച്ചിരുന്നു. അതിനാൽ അവനും മനസ്സിൽ ധൈര്യമുള്ളവനായി. അവന് രണ്ടമ്മമാരും തുല്യം. പെറ്റമ്മ, മറ്റമ്മ എന്നില്ല.

ലക്ഷ്മിക്കുട്ടി ഇല്ലത്തെ പറമ്പിൽ കൃഷികൾ നന്നായി നടത്തി. ലക്ഷ്മിക്കുട്ടി ആ പുരയിടത്തിൽ പരീക്ഷിച്ച ശാസ്ത്രീയ കൃഷിരീതികൾ മൂലം നല്ല വിളവുകൾ കിട്ടി. അവളുടെ ഫാമിലെ വിഭവങ്ങൾ കൂട്ടതലും അപൂർവ ഇനങ്ങളും, ജൈവവളം ഉപയോഗിച്ചതും, ആയതിനാൽ നല്ല ഡിമാൻഡും വിലയും ഉള്ളവയായിരുന്നു. അവയ്ക്കെല്ലാം സ്ഥിരമായ കസ്റ്റമേഴ്സ് ഉണ്ടായിരുന്നതിനാൽ ബിസിനസ് നന്നായിത്തന്നെ മുന്നോട്ട് പോയി.

സർപ്പക്കാവും, കുടുംബക്ഷേത്ര പരിസരവും അവർ വൃത്തിയായും വെടിപ്പായും സൂക്ഷിച്ചു. ആർക്കും ഏതുനേരത്തും അതിലെ, പേടിക്കാതെ നടക്കാമായിരുന്നു. ചുറ്റുമതിൽ ഉള്ളതിനാൽ പുരയിടം മുഴുവൻ സുരക്ഷിതം ആയിരുന്നു.

ഇല്ലത്തിനു ചുറ്റും വേറെ മതിൽ കെട്ടിയതിനാൽ തറവാട്ടിൽ സ്വകാര്യത ഉണ്ടായിരുന്നു. പണിക്കാർക്കായി വിപുലമായ സൗകര്യങ്ങളും അവർ ഏർപ്പെടുത്തിയിരുന്നു. അതിനാൽ അവരും സംതൃപ്തരായിരുന്നു.

അതു മാത്രമല്ല വിശ്വസ്തരായ ജോലിക്കാരെ മാത്രമേ അവർ അടുപ്പിച്ചുള്ളൂ.

ഇരുവീട്ടുകാരും എത്ര നിർബന്ധിച്ചിട്ടും രണ്ടുപേരും വീണ്ടും വിവാഹിതരായില്ല. പ്രയോജനമില്ലെന്ന് കണ്ട്, പിന്നെപ്പിന്നെ ആരും അവരെ നിർബന്ധിക്കാതായി.

കുട്ടിയെ നോക്കാൻ ലക്ഷ്മിക്കുട്ടിയുടേയും മാലിനിയുടേയും അമ്മമാർ മാറിമാറി വന്ന് നിൽക്കുമായിരുന്നു. പഠിക്കുമ്പോൾ, പ്രത്യേകിച്ച് പരീക്ഷാക്കാലത്ത് അതൊരു വലിയ സഹായം ആയിരുന്നു. അരുണിന് രണ്ട് അമ്മൂമ്മമാരായി, അവർ ഇല്ലത്ത് കഴിഞ്ഞു.

കുറച്ചു നാൾ കഴിഞ്ഞപ്പോൾ മാലിനിക്ക്, അവൾ ഏറെ ആഗ്രഹിച്ചതുപോലെ ബാംഗ്ലൂരിൽ ജോലി ലഭിച്ചു.

മാലിനിക്ക് ഒരു മാറ്റം ആവശ്യം ആണ് എന്ന് തോന്നിയത് കൊണ്ട് ലക്ഷ്മിക്കുട്ടി അതിന് സന്തോഷത്തോടെ സമ്മതിച്ചു. പറമ്പിലെ കൃഷികളും ബിസിനസ്സും എല്ലാം നോക്കി ലക്ഷ്മിക്കുട്ടി തറവാട്ടിൽ കഴിഞ്ഞു.

അരുൺ ആണെങ്കിൽ തന്റെ അമ്മമാരുടെയും മുത്തശ്ശിമാരുടെയും വാൽസല്യങ്ങൾ ആവോളം അനുഭവിച്ച് വളർന്നു. പഠനത്തിലും കായികത്തിലും അവൻ മിടുക്കനായി. അരുണിന്റെ പഠിത്തം ഡിഗ്രിവരെ നാട്ടിൽ ലക്ഷ്മിക്കുട്ടിയോടൊപ്പം നിന്നായിരുന്നു. എല്ലാ ശനിയാഴ്ചയും മാലിനി വീട്ടിൽ എത്തും. അതു വരെ അവന്റെ അമ്മ, ലക്ഷ്മിക്കുട്ടിയായിരുന്നു.

ലക്ഷ്മിക്കുട്ടിയെ, തന്റെ അമ്മ വിളിക്കുന്നതുകേട്ട്, ചെറുപ്പം മുതൽ അവനും 'ഓപ്പോളേ'ന്നാണ് സാധാരണ വിളിക്കുക.

സ്നേഹം കൂടുമ്പോൾ അവർ അവന്റെ മാലുക്കുട്ടിയും, ലച്ചുക്കുട്ടിയും. മറ്റാരും അങ്ങനെ വിളിക്കുന്നത് അവനിഷ്ടമല്ല. അപ്പോൾ മാത്രം അവന്റെ മുഖം കറുക്കും.

ഒരു കാര്യത്തിലും വാശിയോ ദുർവാശിയോ പിടിക്കാത്ത, മാന്യമായി പെരുമാറുന്ന ഒരു യുവാവായി അരുൺ വളർന്നു. എന്തുകൊണ്ടോ, പരിചയപ്പെട്ട പെൺകുട്ടികൾ ആരോടും അവന് പ്രേമമൊന്നും തോന്നിയില്ല.

അമ്മമാരിൽ നിന്ന് ആവോളം സ്നേഹവും, സ്വാതന്ത്ര്യവും കിട്ടിയതുകൊണ്ടാവാം, അവന് പെൺകുട്ടികളോട് സൗഹൃദമല്ലാതെ മറ്റ് യാതൊരു പ്രത്യേകതയും തോന്നിയിരുന്നില്ല.

അവനിഷ്ടപ്പെട്ട ഐറ്റി-യിൽ അവൻ എഞ്ചിനീയറിങ്ങ് പാസ്സായി. ഡിഗ്രികഴിഞ്ഞ് മാസ്റ്റേഴ്സിന് അരുണും ബാംഗ്ലൂർക്ക് വന്നു. ലക്ഷ്മിക്കുട്ടി തറവാട്ടിൽ തനിച്ചായി. എന്നാലും എല്ലാ ശനിയാഴ്ചയും, അവധിദിവസങ്ങളിലും മുടങ്ങാതെ അമ്മയും മകനും ഓപ്പോളെക്കാണാൻ വീട്ടിൽ എത്തും. അല്ലാത്ത ദിവസങ്ങളിൽ ദിവസം ഒരു തവണ എങ്കിലും പരസ്പരം വിളിക്കും.

ലക്ഷ്മിക്കുട്ടി ചെയ്യുന്ന ത്യാഗം അവർക്കുകൂടി വേണ്ടിയാണെന്ന് മാലിനിക്ക് നന്നായി അറിയാമായിരുന്നു.

*അവളുടെ ഹൃദയത്തിൽ അതിനാൽ ലക്ഷ്മിക്കുട്ടിയോട് നന്ദിയും സ്നേഹവും എന്നും നിറഞ്ഞിരുന്നു. അതിനാൽ അരുണിനെ അത് പരിപൂർണ്ണമായി അവൾ ബോധ്യപ്പെടുത്തിയിരുന്നു.*

*അതുകൊണ്ട് അരുണിനും മാലിനിക്കും, ലക്ഷ്മിക്കുട്ടിയുടെ വാക്കാണ് എന്നും അവസാനവാക്ക്.*

*ലക്ഷ്മിക്കുട്ടിക്ക് തിരിച്ചും അതുപോലെ തന്നെയായിരുന്നു. അവർ കഴിഞ്ഞേ താൻപോലും ഉള്ളൂ. എല്ലാം തനിക്ക് തന്ന് തന്റെ സ്നേഹം മാത്രമേ മാലിനി എടുക്കുന്നുള്ളൂ എന്നത് ലക്ഷ്മിക്കുട്ടിയുടെ ഹൃദയം തരളിതമാകിയിരുന്നു.*

*മാലിനി വിളിക്കുന്നത് കേട്ട് അരുണും ലക്ഷ്മിക്കുട്ടിയെ 'ഓപ്പോളേ' എന്നാണ് വിളിച്ചിരുന്നത്. അമ്മയുടെയും ഓപ്പോളുടെയും സ്നേഹത്തിൽക്കവിഞ്ഞ് ഒന്നും ഈ ഭൂമിയിൽ അരുണിന് പ്രധാനമല്ലായിരുന്നു.*

*എന്നാൽ അവർ അവനെ യാതൊരുവിധത്തിലും, സ്വാർത്ഥമായി, വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ നിയന്ത്രിക്കാൻ ശ്രമിച്ചിരുന്നില്ല. അതിന്റെ ആവശ്യമേ ഇല്ലായിരുന്നു എന്നതാണ് സത്യം!*

*ലക്ഷ്മിക്കുട്ടി തുടങ്ങിവച്ച ഫലമൂലാദി കൃഷികൾ ഒന്നും പാഴായില്ല. കൂടാതെ അതിന്റെയെല്ലാം വിത്തുൽപ്പാദനവും വിതരണവും നന്നായി വളർന്നു. ഒപ്പം അവളുടെ വ്യക്തിത്വവും, അറിവും, വിദ്യാഭ്യാസവും, നൈപുണ്യവും അറിയപ്പെട്ടു.*

*മാലിനിയും തന്റെ ജോലിയിൽ ഉയർന്നുകൊണ്ടിരുന്നു. അതുകൊണ്ട് അരുണിനെ ആ കമ്പനിയിൽ ഉയരാവുന്ന തസ്തികയിൽ അവനിഷ്ടപ്പെട്ട ഡിപാർട്ട്മെന്റിൽ നിയമിക്കാനും സാധിച്ചു.*

*അമ്മയും മകനും ബംഗ്ളൂരിൽ എല്ലാ സുഖസൗകര്യങ്ങളും ഉള്ള ആ വില്ലയിൽ നിന്ന്, ഒരുമിച്ച് ജോലിക്കുപോയി വന്നു. അമ്മയും മകനുമെന്നതിനേക്കാൾ കൂട്ടുകാരെപ്പോലെയായിരുന്നു അവർ.*

*തറവാട്ടിൽപ്പോകാത്ത വാരാന്ത്യങ്ങളിൽ ട്രെക്കിങ്ങിന് പോകുക, റിസോർട്ടുകളിൽ യാത്ര പോകുക, നിർബ്ബന്ധമായി ജിമ്മിൽ പോകുക, എന്നിവയായിരുന്നു അവരുടെ പരിപാടികൾ.*

*ചെറുതും വലുതുമായ എല്ലാ യാത്രകളിലും ഓപ്പോളും തീർച്ചയായും ഉണ്ടാകും. അതെത്ര ദൂരെയായാലും. സ്വദേശത്തും, വിദേശത്തും.*

*അവരെ കണ്ടാൽ, രണ്ട് ചേച്ചിമാരും, കുഞ്ഞനിയനും എന്നാണ് പലരും ധരിച്ചിരുന്നത്. അത്രമാത്രം യൗവനം ഇരുവരും കാത്തുസൂക്ഷിച്ചിരുന്നു. എന്നാൽ യാതൊരുവിധ പ്രലോഭനങ്ങൾക്കും അവർ രണ്ടുപേരും വഴിപ്പെട്ടില്ല. എന്നുമാത്രമല്ല അരുണിനെ കാണുന്നവർ, അവന്റെ ആകാരം കാണുന്നവർ, സാധാരണ പ്രലോഭനങ്ങളുമായി അവരോട് അടുക്കാനും മടിച്ചു.*

*ലക്ഷ്മിക്കുട്ടി തന്റെ കൃഷി വ്യാപിപ്പിച്ചപ്പോൾ ഊട്ടിക്കടുത്ത് നൂറേക്കർ സ്ഥലം ലാഭത്തിൽ കിട്ടിയപ്പോൾ വാങ്ങി.*

*അതും പതിവുപോലെ മാലിനിയുടേയും, ലക്ഷ്മിക്കുട്ടിയുടേയും, അരുണിന്റേയും പേരിൽ ആണ് വാങ്ങിയത്. അതിൽ നല്ലൊരു ബംഗ്ളാവും ഉണ്ടായിരുന്നു.*

*അവിടെയും സ്വതസിദ്ധമായ പെരുമാറ്റം കൊണ്ട് അവൾക്ക് വിശ്വസ്തരായ പണിക്കാരെ കിട്ടി.*

*പഴയതുപോലെ അതിർത്തി തിരിച്ച് ബലവത്തായ വേലിയും ചുറ്റുമതിലും കെട്ടി അവിടവും സ്വകാര്യവും, സുരക്ഷിതവും ആക്കിയിരുന്നു.*

*മാസത്തിൽ ഒരു തവണയെങ്കിലും, മൂവരും ചേർന്നോ, അവൾ തനിച്ചോ അവിടെ പോയിവന്നു. അവൾ അവിടെ പണിക്കാർക്കൊന്നും മാലിനിയും, അരുണും ആരെന്ന് ഒരിക്കലും പരിചയപ്പെടുത്തിയിരുന്നില്ല. ഒരു തൊഴിൽ ദാതാവ് എന്ന നിലയിൽ അവൾ എല്ലായിടത്തും ആ നിലപാടാണ് അനുവർത്തിച്ചത്.*

*മാലിനിയ്ക്കും അരുണിനും അതൊട്ട് പ്രശ്നവും അല്ല. അവരെ സംബന്ധിച്ച് ഓപ്പോൾ ചെയ്യുന്നതിനെല്ലാം എന്തെങ്കിലും കാര്യമുണ്ടാവും.*

*അവർക്ക് എല്ലാം ഓപ്പോൾ മാത്രമാണ്.*

ലാൻഡ് ചെയ്യാൻ പോകുന്ന അനൗൺസ്മെന്റ് കേട്ടാണ് മാലിനി ഉണർന്നത്.

മാലിനി- ഇത്ര പെട്ടെന്ന് എത്തിയോ?

അരുൺ- അമ്മ എന്തൊരുറക്കം ആയിരുന്നു! ഞാൻ എത്ര തവണ വിളിച്ചെന്നോ.

മാലിനി- പഴയ കാര്യങ്ങൾ ഓരോന്ന് ഓർത്ത് കിടന്നു പോയി.

അരുൺ- മ്മ്.

അവർ എയർപോർട്ടിൽ നിന്ന് ഒരു ടാക്സി വിളിച്ച് ഇല്ലത്തേക്ക് എത്തി.

അവരെ കാത്ത് ഓപ്പോൾ പുറത്ത് തന്നെ ഉണ്ടായിരുന്നു.

മാലിനിയും അരുണും ടാക്സിയിൽ നിന്ന് പെട്ടികൾ എടുത്തു. എന്നിട്ട് പൈസ കൊടുത്തു. ലഗേജ് എല്ലാം എടുത്ത് അവർ ഓപ്പോളിന്റെ അടുത്ത് ചെന്നു.

ഓപ്പോളിന് അവരെ രണ്ട് പേരെയും കണ്ടത് സന്തോഷം ആയി. അവർ അവരെ മാറി മാറി കെട്ടിപിടിച്ചു. എന്നിട്ട് മാലിനിയോടായി പറഞ്ഞു,

ഓപ്പോൾ- ഇവൻ ഒരുപാട് മാറി പോയല്ലോടി. ആറുമാസം കൊണ്ട് ഒരൊത്ത പുരുഷനായി! മീശയൊക്കെ വച്ച്, കണ്ടാൽ നമ്മുടെ അനിയനാണെന്നേ തോന്നൂ.

മാലിനി- ഞാ.. പെട്ടെന്ന് അല്ലേ പിള്ളേര് ഒക്കെ വളരുന്നത്.

അരുൺ- ഓപ്പോൾക്ക് ഒരു മാറ്റവും ഇല്ല.

ഓപ്പോൾ- ശരിയാ എനിക്ക് മാറ്റം ഒന്നും ഇല്ല.

അരുൺ- പഴയതിനേക്കാൾ സ്ലിമ്മായി, കണ്ടാൽ എന്റെ അനിയത്തിയാണെന്നേ തോന്നൂ!

പൊട്ടിച്ചിരിച്ച് ഓപ്പോൾ - എടാ കള്ളാ, സുഖിപ്പിക്കല്ലേ. എന്തായാലും നിനക്കിഷ്ടപ്പെട്ടതെല്ലാം ഉണ്ടാക്കിത്തരാം. കേട്ടോടാ, കള്ളക്കണ്ണാ…

ഓപ്പോൾ അരുണിന്റെ കവിളത്ത് ഒരുമ്മ നല്കി. അവൻ തിരിച്ചും.

അവർ മൂന്നു പേരും അകത്തു കയറി. ഓപ്പോൾ അവർക്ക് ക്ഷീണം മാറ്റാൻ സംഭാരം കൊടുത്തു. അരുൺ അത് കുടിച്ചു കഴിഞ്ഞ് തന്റെ മുറിയിലേക്ക് പോയി.

മാലിനിയുടെ കൂടെ ഓപ്പോളും അവളുടെ മുറിയിൽ ചെന്നു. രണ്ടാളും അകത്തു കയറി വാതിൽ അടച്ചു.

ഓപ്പോൾ- മാലിനി നാളെ രാവിലെ പത്തുമണിക്ക് ശങ്കര സ്വാമി വരും.

മാലിനി- മ്മ് എനിക്ക് നല്ല പേടിയുണ്ട്. അവരൊക്കെ കല്യാണത്തിനുള്ള ഒരുക്കം തുടങ്ങി കാണും.

ഓപ്പോൾ- നമ്മള് നേരത്തെ പറഞ്ഞത് അല്ലേ, ഒരു നല്ല ജ്യോൽസനെ കൊണ്ട് നോക്കിപ്പിക്കാം എന്ന്? അവർ അല്ലേ സമ്മതിക്കാഞ്ഞേ?

മാലിനി- എന്നാലും…

ഓപ്പോൾ- കാര്യങ്ങൾ മറിച്ച് ആണെങ്കിൽ ഞാനും കൂടെ വരാം.

മാലിനി- മ്മ്.

ഓപ്പോൾ- നീ ഇതൊക്കെ മനസ്സിൽ നിന്ന് കള. എന്നിട്ട് കുളിച്ച് ഫ്രഷ് ആവ്. അപ്പോ കുറച്ചു ആശ്വാസം കിട്ടും.

ഓപ്പോൾ അവളുടെ റൂമിൽ നിന്നും ഇറങ്ങി. കുളി കഴിഞ്ഞ് മാലിനി ഓപ്പോളിന്റെ അടുത്ത് ചെന്നു.

ഓപ്പോൾ- നിനക്ക് വിശക്കുന്നുണ്ടോ?

മാലിനി- ഏയ്യ്. വന്നപ്പോ തൊട്ട് ഞാൻ എന്റെ പ്രശ്നം മാത്രമേ പറഞ്ഞോളളൂ. ഓപ്പോൾക്ക് എങ്ങനെ ഉണ്ട് ഇവിടെ?

ഓപ്പോൾ- എനിക്ക് ഇവിടെ സുഖം. ഇപ്പോ പണ്ടത്തെ പോലെ അല്ല. ഇവിടെ ഒരുപാട് മാറ്റം വന്നു.

മാലിനി- എന്ത് മാറ്റം?

ഓപ്പോൾ- ഇവിടെ ഇപ്പോൾ ആരും വരാറ് ഇല്ല. ഒറ്റ നാട്ടുകാര് പോലും.

മാലിനി- അതെന്താ?

ഓപ്പോൾ- കുറച്ചു വർഷം മുൻപ് നമ്മുടെ തെക്കേ തൊടിയിലെ രമേശൻ ഇവിടെ പാമ്പ് കടിയേറ്റ് മരിച്ചില്ലേ?

മാലിനി- ആ തേങ്ങു കേറാൻ വരുന്നവനോ?

ഓപ്പോൾ- അത് തന്നെ. അതിൽ പിന്നെ ആരും ഇങ്ങോട്ട് വരാതെയായി. പിന്നെ ആ കുട്ടപ്പൻ ആശാരിയുടെ മോനും ഭാര്യയും വരും ഇടക്ക് സഹായിക്കാൻ.

മാലിനി- ഒറ്റക്ക് ഉള്ള ജീവിതം ഓപ്പോൾക്ക് മടുത്തില്ലേ?

ഓപ്പോൾ- ഒരു തരത്തിൽ ഇതാ സുഖം. ശല്യപ്പെടുത്താൻ ആരും ഇല്ലല്ലോ?

മാലിനി- അതും ശരിയാ.

ഈ സമയം അരുൺ അവിടെക്ക് വന്നു.

അരുൺ- എന്താണ് രണ്ടാളും ചർച്ച?

ഓപ്പോൾ- കുറെ നാള് കൂടി കാണുന്നത് അല്ലേ? ഞങ്ങൾക്ക് കുറെ സംസാരിക്കാൻ ഉണ്ട്.

അരുൺ- എല്ലാ ദിവസം അമ്മ ഓപ്പോളേ വിളിക്കുന്നുണ്ട്. അതിലും കൂടുതൽ എന്താ പറയാൻ ഉള്ളേ?

ഓപ്പോൾ- ഈ ചെറുക്കന്റെ വർത്തമാനം കേട്ടോ മാലിനി? ഇനി പറയാൻ ഒന്നും ഇല്ലെങ്കിലും എനിക്ക് ഇവളെ ഒന്ന് കൺകുളിർക്കെ കാണാല്ലോ?

അരുൺ- ശരി. കല്യാണം ആയിട്ടും ഇവിടെ ഒരു അനക്കവും ഇല്ലല്ലോ?

ഓപ്പോൾ- നീ ധൃതി വെക്കല്ലേടാ ചെറുക്കാ. എല്ലാം നമുക്ക് ശരി ആക്കാം.

അരുൺ- മ്മ്. എന്നാ ശരി നിങ്ങൾ സംസാരിച്ച് ഇരിക്ക്.

അരുൺ അവിടെ നിന്നും പോയി.

മാലിനി- സ്വാമി വരുന്നത് അവനോട് പറയണ്ടാ.

ഓപ്പോൾ- വേണ്ടാ, വരുമ്പോൾ കണ്ടാ മതി.

മാലിനി- കാര്യങ്ങൾ മറിച്ച് ആണെങ്കിൽ അവനെ എങ്ങനെ എങ്കിലും കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കണം?

ഓപ്പോൾ- അതെ.

മാലിനി- കുറച്ചു ദിവസം ആയി ഞാൻ വിളിക്കാത്ത ദൈവങ്ങൾ ഇല്ല

ഓപ്പോൾ- എല്ലാം നാളെ കൊണ്ട് ശരി ആവും എന്നാ എന്റെ മനസ്സ് പറയുന്നത്

മാലിനി- മ്മ്

***ശങ്കര സ്വാമികൾ***

പിറ്റേ ദിവസം പത്തു മണിയായി. അവർ രണ്ട് പേരും സ്വാമിക്ക് വേണ്ടി കാത്തിരുന്നു. 10:30 ആയിട്ടും വരാത്തപ്പോൾ ഓപ്പോൾ സ്വാമിയെ ഒന്ന് വിളിച്ചു നോക്കി. പക്ഷേ ഫോൺ എടുത്തില്ല 10:45 ആയപ്പോൾ സ്വാമി അവരുടെ ഇല്ലത്ത് എത്തി. അവർ രണ്ട് പേരും അയാളെ ആനയിച്ചു അകത്തു കയറ്റി

ഓപ്പോൾ- സ്വാമിക്ക് കുടിക്കാൻ വല്ലതും എടുക്കട്ടെ?

സ്വാമി- വേണ്ടാ. ഞാൻ വൈകിയത് എല്ലാവർക്കും ബുദ്ധിമുട്ട് ആയല്ലേ?

ഓപ്പോൾ- അതൊന്നും സാരം ഇല്ല സ്വാമി. സ്വാമിയുടെ തിരക്ക് ഞങ്ങൾക്ക് അറിയാവുന്നത് അല്ലേ?

സ്വാമി- മ്മ്. നമുക്ക് സമയം കളയാതെ തുടങ്ങിയാലോ?

ഓപ്പോൾ- ആ തുടങ്ങാം.

ഓപ്പോളും മാലിനിയും സ്വാമിയെ പൂജാമുറിയിലേക്ക് കൂട്ടിക്കൊണ്ട് പോയി. അവിടെ എത്തിയതും സ്വാമി ചോദിച്ചു,

സ്വാമി- അരുൺ എന്തേ?

മാലിനി- ഇവിടെ ഉണ്ട് ഇപ്പോ വിളിക്കാം.

മാലിനി അരുണിനെ വിളിച്ചു. അവൻ അവരുടെ അടുത്ത് വന്നു.

സ്വാമി- അരുൺ എങ്ങനെ ഉണ്ട് സുഖം ആണോ?

അരുൺ- മ്മ്.

അവർ നാല് പേരും പൂജാമുറിയിൽ ഇരുന്നു. സ്വാമി അരുണിന്റെയും മാലിനിയുടെയും നാളും ജനന സമയം വാങ്ങി. എന്നിട്ട് കവടി നിരത്തി. ഏറെനേരം എന്തൊക്കെയോ ധ്യാനവും, കണക്കുകൂട്ടലുകളും നടത്തി. സ്വാമിയുടെ മുഖം ഗൗരവമാർന്നു.

സ്വാമി- ഇതിന് മുൻപ് ആരാ ഇതെല്ലാം നോക്കിയത്?

മാലിനി- അത്... പെണ്ണ് വീട്ടുകാരുടെ ജ്യോൽസ്യൻ ആണ്.

സ്വാമി- അയാൾ എന്നിട്ട് എന്ത് പറഞ്ഞു?

മാലിനി- പത്തിൽ എട്ട് പൊരുത്തം ഉണ്ടെന്ന് പറഞ്ഞു. പിന്നെ കല്യാണ നാളും കുറിച്ച് തന്നു.

സ്വാമി- ഇവരുടെ നാള് തമ്മിൽ ചേർച്ച ഒക്കെ ഉണ്ട്. പക്ഷേ ഈ കല്യാണം നടക്കാൻ പാടില്ല.

സ്വാമിയുടെ വാക്കുകൾ കേട്ട് അവർ മൂന്നു പേരും ഞെട്ടി.

ഓപ്പോൾ- അതെന്താ സ്വാമി?

സ്വാമി- ഇവർ തമ്മിൽ വിവാഹം കഴിച്ചാൽ ഒരു മാസം കാലമേ അതിന് ആയുസ്സ് ഉണ്ടാവൂ. അതിനുള്ളിൽ ഒരു ദുർമരണം ഉറപ്പ് ആണ്.

മാലിനി- സ്വാമി പരിഹാരം എന്തെങ്കിലും?

സ്വാമി- ഈ കല്യാണം നടക്കരുത്. അതേ ഒള്ളു പരിഹാരം.

അത് കേട്ടതും അരുൺ ദേഷ്യത്തോടെ അവിടെ നിന്നും എണീറ്റ് പോയി.

ഇത് കണ്ടതും മാലിനിക്ക് എന്തോ പോലെയായി.

മാലിനി- അരുൺ എണീറ്റ് പോയതിൽ സ്വാമി ഒന്നും കരുതരുത്.

സ്വാമി- ഏയ്യ് ഇപ്പോഴത്തെ ചെറുപ്പക്കാർക്ക് ഉള്ളത്താണ് ഈ പെട്ടെന്നുള്ള ദേഷ്യം. കാര്യം മനസ്സിലാകുമ്പോൾ മാറിക്കോളും.

മാലിനി- മ്മ്.

സ്വാമി- അവനെ പറഞ്ഞ് മനസ്സിലാക്കാൻ നോക്ക്. ഇപ്പോൾ തന്നെ നിങ്ങൾക്ക് ഒരുപാട് നഷ്ടം സംഭവിച്ചു. ഇനി ഒരിക്കൽ കൂടി അത് വേണ്ടാ.

ഓപ്പോൾ- സ്വാമി ഇനി അവന് മാംഗല്യയോഗം ഇല്ലേ?

സ്വാമി- അതൊക്കെ ഉണ്ട്.

ഓപ്പോൾ- ഏതെങ്കിലും ദോഷം ഉണ്ടോ അവന്?

സ്വാമി- ലക്ഷ്മി സർപ്പക്കാവിൽ പൂജകൾ ഒന്നും മുടക്കാറില്ലല്ലോ?

ഓപ്പോൾ- ഇല്ല. എന്താ സ്വാമി?

സ്വാമി- അരുണിന് ഞാൻ അപമൃത്യു കാണുന്നു.

അത് കേട്ട് അവർ രണ്ട് പേരും ഞെട്ടി.

മാലിനി- സ്വാമി പറയുന്നത് സത്യം ആണോ?

സ്വാമി- അതെ.

ഓപ്പോൾ- സ്വാമി ഇതിന് എന്തെങ്കിലും പ്രതിവിധി ഉണ്ടാവുമല്ലോ?

സ്വാമി- ഞാൻ നോക്കിയിട്ട് എന്തൊക്കെയോ തടസ്സങ്ങൾ മാത്രമേ കാണാൻ സാധിക്കുന്നുള്ളൂ.

ഓപ്പോൾ- സ്വാമിക്ക് ഞങ്ങളെ സഹായിക്കാൻ സാധിച്ചില്ലെങ്കിൽ പിന്നെ ഞങ്ങൾ എന്ത് ചെയ്യും?

സ്വാമി- ഈ നാട്ടിൽ നിന്ന് വടക്ക് ഒരു 100 കിലോമീറ്റർ പോയാൽ ഒരു കാട് ഇല്ലേ?

ഓപ്പോൾ- ഉവ്വാ.

സ്വാമി- ആ കാടിന് അകത്ത് ഒരു സ്വാമി ഉണ്ട്. ഇനി എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ അദ്ദേഹത്തിനേ പറ്റൂ.

മാലിനി- അദ്ദേഹത്തെ വിളിക്കാൻ വല്ല മാർഗം ഉണ്ടോ?

സ്വാമി- ഇല്ല. കാടിന് അകത്ത് കുറച്ചു ദൂരം വരെ കാർ പോവും. അതിന് ശേഷം ഒരു ജീപ്പ് ഉണ്ട്. അത് കിട്ടിയില്ലെങ്കിൽ നടന്ന് പോവേണ്ടി വരും.

മാലിനി- എന്താ ആ സ്വാമിയുടെ പേര്?
സ്വാമി- പേര് മേപ്പാടൻ. എന്റെ അടുത്ത് നിന്ന് അരുൺ ഇറങ്ങി പോയത് പോലെ അവിടന്ന് പോവരുത്. സ്വാമി കുറച്ചു കോപിയാണ്.

മാലിനി- ശരി സ്വാമി.

സ്വാമി- എന്നാ ഞാൻ ഇറങ്ങാണ്. പിന്നെ ഒരുപാട് ദിവസം വൈകരുത്. എത്ര നേരത്തെ പോവാൻ സാധിക്കുമോ അത്രേയും നേരത്തെ പോവാ. നാളെയെങ്കിൽ നാളെത്തന്നെ.

സ്വാമിയെ യാത്രയാക്കാൻ ഓപ്പോൾ കൂടെ ചെന്നു.

സ്വാമി- ഇന്ന് രാവിലെ ഇറങ്ങിയത് മുതലേ ഞാൻ കുറെ വിഘ്നങ്ങൾ തരണം ചെയ്യേണ്ടി വന്നു. അതാ വരാൻ വൈകിയത്.

ഓപ്പോൾ പേടിച്ചു കൊണ്ട് ചോദിച്ചു,

ഓപ്പോൾ- എന്ത് വിഘ്നം?

സ്വാമി- രാവിലെ തന്നെ മുറ്റത്ത് ഒരു കാക്ക മരിച്ചു വീണു. പിന്നെ പോകും വഴി റോഡിൽ ഒരാൾക്ക് ആക്സിഡന്റ്. ആള് അവിടെ വെച്ചു തന്നെ മരിച്ചു. ഇതൊക്കെ ഒരു നിമിത്തം ആണ്. അരുണിന്റെ ജീവൻ ശരിക്കും അപകടത്തിൽ ആണ്.

അതും പറഞ്ഞ് ശങ്കര സ്വാമി പോയി.

ഓപ്പോൾ ആകെ അസ്വസ്ഥയായി. പെട്ടെന്ന് തന്നെ അകത്തു കയറി, മാലിനിയുടെ അടുത്ത് ചെന്നു.

ഓപ്പോൾ- മാലിനി, പ്രശ്നം ഗുരുതരം ആണെന്നാ സ്വാമി പറഞ്ഞേ.

മാലിനി- എനിക്ക് അറിയില്ല ഓപ്പോളേ എന്ത് ചെയ്യുന്ന്.

ഓപ്പോൾ- നീ വന്നേ. ആദ്യം അരുണിനെ പറഞ്ഞ് കാര്യങ്ങൾ മനസിലാക്കാം.

മാലിനി- മ്മ്.

രണ്ട് പേരും അരുണിന്റെ മുറിക്ക് പുറത്ത് നിന്നു. എന്നിട്ട് കതകിൽ തട്ടി അവനെ വിളിച്ചു. രണ്ട് പേരുടെയും വിളി കേട്ടപ്പോൾ അരുൺ വാതിൽ തുറന്നു.

മാലിനി- മോനെ നീ സ്വാമി പറഞ്ഞത് കേട്ടല്ലോ.

അരുൺ- അമ്മേ എന്തൊക്കെ പറഞ്ഞാലും ഈ കല്യാണം നടക്കും.

ഓപ്പോൾ- അരുൺ അത് നല്ലതിന് അല്ല. നീ നിന്റെ അമ്മ പറയുന്നത് കേൾക്ക്.

അരുൺ- ഈ കാര്യത്തിൽ ആരും ഒന്നും പറയണ്ടാ.

മാലിനി- എടാ എനിക്കും നിന്നെ മീരയെ കൊണ്ട് കല്യാണം കഴിപ്പിക്കണം എന്നാ. പക്ഷേ അതൊന്നും നടക്കില്ല.

അരുൺ- കല്യാണം കഴിഞ്ഞാൽ ഞാൻ അവളേം കൂട്ടി എങ്ങോട്ട് എങ്കിലും പൊയ്ക്കോളാം. ഇനി ഇങ്ങോട്ട് വരേം ഇല്ല.

ഓപ്പോൾ- നീ എവിടെ പോയാലും എന്തെങ്കിലും ഒക്കെ സംഭവിക്കും.

മാലിനി- നീ ഒരു കാര്യം ആലോചിക്ക്. ഇനി മീരക്ക് എന്തെങ്കിലും സംഭവിച്ചാൽ അവളുടെ മാതാപിതാക്കളുടെ കണ്ണീർ നമ്മൾ ജീവിതവസാനം വരെ കാണേണ്ടി വരും.

ഓപ്പോൾ- അതെ നമുക്ക് ഉള്ള ദോഷം കാരണം മറ്റൊരാൾക്ക് ആപത്ത് വരരുത് ശരിയല്ല.

അരുൺ- അമ്മേ അവളെ മറക്കാൻ എനിക്ക് പറ്റും എന്ന് തോന്നുന്നില്ല.

മാലിനി- അവള് സുഖം ആയി ജീവിക്കുന്നത് കാണാൻ ആണ് എനിക്ക് ഇഷ്ടം. നീ ആയി അത് തകർക്കരുത്.

ഓപ്പോൾ- മോൻ ആലോചിക്ക്. ഇപ്പോൾ ആണെങ്കിൽ നമുക്ക് കുറച്ചു വിഷമിച്ചാൽ മതി. മറിച്ച് ആണെങ്കിൽ ജീവിതവസാനം വരെ ദുഃഖിക്കേണ്ടിവരും.

മാലിനി- നിനക്ക് ഞങ്ങളുടെ ജീവിതം തന്നെ ആലോചിച്ചാൽ മതി.

ഓപ്പോൾ- അതെ.

അതും പറഞ്ഞ് അവർ അവിടെ നിന്നും പോയി. അരുൺ കുറെ നേരം ആലോചിച്ചു.

അവന്റെ കുടുംബത്തിൽ നടന്നതെല്ലാം അരുണിന് അറിവുള്ളതാണല്ലോ. അവന്റെ അമ്മമാരുടെ ജീവിതവും അവൻ കാണുന്നതാണ്. അവന്റെ കുടുംബപ്രശ്നം കാരണം മീരക്ക് ഒരു കുഴപ്പം വരരുത് എന്ന് അവൻ തീരുമാനിച്ചു. എന്തു സംഭവിച്ചാലും അവന്റെ അമ്മമാർ ഇനിയും വേദനിക്കും. താനായിട്ട് നിർബന്ധ ബുദ്ധികാട്ടി പല ജീവിതങ്ങൾ തകർക്കണ്ട.

ഇന്നോളം ഇവർ തനിക്ക് ദോഷം വരുന്നതായ ഒന്നും പറഞ്ഞിട്ടില്ല. ഇതിപ്പോൾ അവർ മറ്റൊരു പെൺകുട്ടിക്ക വേണ്ടിക്കൂടിയാണ് തന്നോട് പറയുന്നത്. ഇതൊന്നും അന്ധവിശ്വാസം എന്ന് തള്ളാനും പറ്റില്ല. താനായിട്ട് രണ്ട്

കുടുംബങ്ങളെ വേദനിപ്പിക്കാൻ പാടില്ല. ഇപ്പോഴാണെങ്കിൽ, തനിക്ക് ഒരു കല്യാണാലോചനയുടെ ബന്ധമല്ലേ മീരയുമായി ഉള്ളൂ. ഇതു നടന്നാൽ അത് അവളുടെ ജീവിത തകർത്താലോ. വേണ്ട. എത്രയോ കല്യാണാലോചനകൾ അലസിപ്പോകുന്നു. തൽക്കാലം രണ്ടുപേർക്കും കുറച്ച് വേദന തോന്നും. സാരമില്ല. ഏതാനും മാസത്തെ പരിചയമല്ലേ ഉള്ളൂ. മാറിക്കോളും.

അവൻ തന്റെ അമ്മമാരുടെ അടുത്തേക്ക് ചെന്നു.

അരുൺ- അമ്മ പറഞ്ഞതാ ശരി. ഞങ്ങൾ ഒന്നിച്ചാൽ ചിലപ്പോൾ ഇരു കുടുംബങ്ങളും കണ്ണീരിൽ ആയിരിക്കും.

മാലിനി- മോനെ അത് നന്നായി.

അരുൺ- വൈകണ്ടാ. ഇന്ന് തന്നെ അവരോട് പറഞ്ഞേക്ക്. അവർ അവിടെ ഒരുക്കങ്ങളിൽ ആയിരിക്കും.

ഓപ്പോൾ- ശരിയാണ്. മോൻ ഇവിടെ ഇരുന്നാൽ മതി. ഞങ്ങൾ പോയി കാര്യങ്ങൾ പറഞ്ഞോളാം.

മാലിനിയും ലക്ഷ്മിയും മീരയുടെ വീട്ടിൽ ചെന്നു. അവരെ കണ്ടതും മീരയുടെ അച്ഛൻ അകത്തേക്ക് ക്ഷണിച്ചു. രണ്ട് പേരും ഒരു സോഫയിലും, എതിരെ ആയി മീരയുടെ അച്ഛനും ഇരുന്നു. (മീരയുടെ അച്ഛന്റെ പേര് മാധവൻ, അമ്മയുടെ പേര് ശ്രീജ )

മാധവൻ- ആ എന്താ രണ്ടാളും ഒരു മുന്നറിപ്പ് ഇല്ലാതെ?

മാലിനി- ഒരു കാര്യം പറയാൻ വന്നതാ.

മാധവൻ- നിൽക്ക്. ഞാൻ ശ്രീജയെ വിളിച്ച് എന്തെങ്കിലും കുടിക്കാൻ എടുക്കാം.

മാധവൻ അയാളുടെ ഭാര്യയെ വിളിച്ചു. അവൾ അവിടേക്ക് വന്നു.

ശ്രീജ- ആ ഇത് ആരൊക്കെയാ വന്നിരിക്കുന്നെ.

മാധവൻ- ഇപ്പോ വന്നേയുള്ളു. നീ കുടിക്കാൻ എന്തെങ്കിലും എടുക്ക്.

ശ്രീജ- മ്മ്.

ശ്രീജ പിന്നെയും അടുക്കളയിലേക്ക് പോയി.

ലക്ഷ്മി- മീര എന്തേ?

മാധവൻ- അവള് ഫ്രണ്ട്സിന്റെ കൂടെ ഷോപ്പിംഗിന് പോയേക്കാ.

ലക്ഷ്മി- മ്മ്.

മാലിനി- ഞങ്ങൾ ഒരു പ്രധാനപ്പെട്ട കാര്യം പറയയാൻ വന്നതാ.

മാധവൻ- എന്താന്ന് വെച്ചാ പറഞ്ഞോ.

മാലിനി- ശ്രീജയും കൂടി വരട്ടെ. രണ്ടാളോടും കൂടി പറയാൻ ഉള്ളതാ.

മാധവൻ- മ്മ്.

മാലിനിയുടെ സംസാരത്തിൽ മാധവന് എന്തോ പന്തികേട് തോന്നി. അയാൾ പെട്ടെന്ന് തന്നെ ശ്രീജയെ വിളിച്ച് അടുത്ത് ഇരുത്തി.

മാലിനി- ഈ കല്യാണം നടക്കില്ല.

അത് കേട്ട് ശ്രീജയും മാധവനും ഞെട്ടി. മാധവന് പെട്ടെന്ന് ദേഷ്യം വന്നു. അയാൾ ഉച്ചത്തിൽ പറഞ്ഞു,

മാധവൻ- ദേ അവസാന നിമിഷം ഓരോ ചെറ്റത്തരം പറയരുത്.

മാലിനി- എനിക്ക് അറിയാം. എല്ലാം അടുത്ത സമയത്ത് ഇങ്ങനെ കേട്ടാൽ ആർക്ക് ആയാലും ദേഷ്യം വരും.

മാധവൻ- എന്താ പ്രശ്നം? അരുണിന് വേറെ പെൺകുട്ടിയെ ഇഷ്ടം ആണോ?

മാലിനി- ഏയ്യ് ഇല്ല.

മാധവൻ- പിന്നെ എന്താ പ്രശ്നം?

മാലിനി- അവന്റെ ജാതകത്തിൽ കുറച്ചു പ്രശ്നം ഉണ്ട്.

മാധവൻ- അതിന് ജ്യോൽസ്യൻ കുഴപ്പം ഒന്നും ഇല്ല എന്നല്ലേ പറഞ്ഞത്?

മാലിനി- ഞങ്ങൾക്ക് അടുത്ത് അറിയാവുന്ന ഒരു സ്വാമി ഉണ്ട്. അദ്ദേഹം ആണ് ഈ കാര്യം പറഞ്ഞത്.

മാധവൻ- ഏത് സ്വാമി?

മാലിനി- ശങ്കര സ്വാമി.

മാധവൻ- ആര് പൊന്നുമഠത്തിലെ ശങ്കര സ്വാമിയോ?

മാലിനി- അതെ.

മാലിനി പറഞ്ഞ സ്വാമിയുടെ പേര് കേട്ടപ്പോൾ മാധവന്റെ ദേഷ്യം കുറഞ്ഞു.

മാധവൻ- സ്വാമി എന്താ പറഞ്ഞേ?

മാലിനി- ഇവർ രണ്ട് പേരും ഒന്നിച്ചാൽ… ഒരാൾക്ക് അപമൃത്യു ഉണ്ടാവും എന്ന്.

അത് കേട്ട് മാധവനും ശ്രീജയും ഞെട്ടി.

മാധവൻ- ഇതിന് പരിഹാരം ഒന്നും പറഞ്ഞില്ലേ?

മാലിനി- ഈ കല്യാണം നടക്കരുത്. അതേ ഒള്ളൂ പരിഹാരം എന്നാണ് പറഞ്ഞത്.

മാധവനും ശ്രീജയും ഒരു നിമിഷം പരസ്പരം സംസാരിച്ചു. എന്നിട്ട് ഒരു ധാരണയിൽ എത്തി.

മാധവൻ- ഞങ്ങളും ഈ കല്യാണത്തിൽ നിന്ന് പിൻമാറുകയാണ്.

മാലിനി- അതാ നല്ലത്.

മാധവൻ- ഞങ്ങൾ മീരയെ പറഞ്ഞ് മനസ്സിലാക്കിക്കോളാം.

മാലിനി- ശരി. ബുദ്ധിമുട്ടിച്ചതിൽ ക്ഷമിക്കണം.

മാധവൻ- ക്ഷമ ചോദിക്കേണ്ടത് ഞാൻ ആണ്. നിങ്ങൾ അന്നേ പറഞ്ഞതാ നല്ല ഒരു ജോത്സ്യനെ വെച്ച് നോക്കാൻ.

മാലിനി- അതൊന്നും സാരം ഇല്ല. ഒരു ആപത്ത് ഉണ്ടാവുന്നതിന് മുൻപ് എല്ലാം ഒഴിവായല്ലോ.

മാധവൻ- അതെ.

മാലിനി- എന്നാ ഞങ്ങൾ ഇറങ്ങാണ്.

മാധവൻ- ശരി.

മാധവൻ പലവിധത്തിൽ തിരഞ്ഞ് ശങ്കര സ്വാമിയുടെ നമ്പർ കിട്ടി, സ്വാമിയെ വിളിച്ചു.

